പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 292

# 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് എന്നിവ വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 നവംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1974-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17),—

(എ) 2-ാം വകുപ്പിൽ,—

(i) (1)-ാം ഖണ്ഡം ആ വകുപ്പിന്റെ (1എ) ഖണ്ഡമായി പുനരക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിന് മുമ്പ് താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതു മാണ്, അതായത് :—

"(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനു

662/2014.

കളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കുവേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലയ്ക്കോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(ii) അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(1ബി) "ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ" എന്നാൽ 69ഇ വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അംഗങ്ങളടങ്ങിയ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ എന്നർത്ഥമാകുന്നു;";

(iii) (4)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(4എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 69എ വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാരസമിതി എന്നർത്ഥമാകുന്നു;

(4ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIIIബി അദ്ധ്യായത്തിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iv) (5)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 69ജി വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (10)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(10എ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;";

(vi) (23)-ാം ഖണ്ഡത്തിൽ, " അതിൽ ഒരു സ്വയംഭരണ കോളേജിന്റെ റെഗുലേഷനുകളും സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ് ;

(vii) (31)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(31എ) ''യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ'' എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;";

(ബി) 5-ാം വകുപ്പിൽ,—

(i) (iഎ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(iഎ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക;

(iബി) ഈ ആക്റ്റിന്റെ അദ്ധ്യായം VIII ബി-യിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിലേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;"

(സി) അദ്ധ്യായം VIII എ-യ്ക്കുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത് :—

## "അദ്ധ്യായം VIII ബി

## സ്വയംഭരണ കോളേജുകൾ

69എ. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ, താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് .

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ് ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗികാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്;

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

69ബി. സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും.— സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനു വേണ്ടി അപേക്ഷിക്കുന്നതിന് 69എം വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനു വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും.

69സി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷിക്കുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

69ഡി. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് ;

(iii) ഗവേണിംഗ് കൗൺസിൽ.

(2) ഈ ആക്റ്റിലോ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, നടപടി പ്രക്രിയകൾ, അംഗീകാരം, ഒരു സ്വയംഭരണ കോളേജിലെ അധികാര സ്ഥാനങ്ങളുടെ രൂപീകരണം, അവരുടെ അധികാരങ്ങൾ, ഒരു സ്വയംഭരണ കോളേജിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതാണ്.

(3) സർവ്വകലാശാലയുടെ നിലവിലുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസുകൾ എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥ ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തമില്ലാത്തതോ അതിപ്രഭാവമോ വൈരുദ്ധ്യമോ ഉള്ളതോ ആണെന്ന എന്ന തർക്കമുണ്ടാകുന്ന പക്ഷം, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

69ഇ. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രിൻസിപ്പാൾ, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) കോളേജിലെ എല്ലാ വകുപ്പ് മേധാവികളും ;

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ മാനേജരും, നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ ;

(ഡി) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എൻജിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയവ പോലുള്ള മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അദ്ധ്യാപകർക്കിടയിൽ നിന്നും പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലമോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ അവസാനം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനഃനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം വർഷത്തിൽ ഒരിക്കലെങ്കിലും വിളിച്ചു കൂട്ടേണ്ടതാണ്.

69എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) പഠന കോഴ്സുകൾ, അക്കാദമിക റെഗുലേഷനുകൾ, പാഠ്യപദ്ധതി, സിലബസും അതിന്റെ പരിഷ്കരണങ്ങളും, ബോധനത്തിനും മൂല്യനിർണ്ണയത്തിനും ഉളള ക്രമീകരണങ്ങൾ, സമ്പ്രദായങ്ങളും അതിനോടനുബന്ധിച്ച പ്രസക്തമായ നടപടിക്രമങ്ങളും സംബന്ധിച്ച സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ നിർദ്ദേശങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും അവ ഭേദഗതികളോടെയോ അല്ലാതെയോ അംഗീകരിക്കുകയും ചെയ്യുക:

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും പഠന ബോർഡ് സമർപ്പിച്ച ഏതെങ്കിലും നിർദ്ദേശങ്ങളിൽ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ഭിന്നാഭിപ്രായം ഉണ്ടാവുകയാണെങ്കിൽ, അതിന്, ആയതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, അത് നിരാകരിക്കുകയോ അല്ലെങ്കിൽ സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് അതിന്റെ അഭിപ്രായം സഹിതം പുനഃപരിഗണനയ്ക്കായി തിരികെ നൽകുകയോ ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, നിർദ്ദേശങ്ങൾ തിരികെ നൽകുകയും പഠന ബോർഡ് ആ നിർദ്ദേശം നിർദ്ദിഷ്ട ഭേദഗതികളോടെയോ അല്ലാതെയോ കോളേജിലെ അക്കാദമിക കൗൺസിലിന് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ, അക്കാദമിക കൗൺസിൽ ആ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതാണ്.

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക ;

(iii) പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും കോളേജിൽ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ വിലയിരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഉപദേശക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉള്ള നടപടികൾ ആരംഭിക്കുക ;

(iv) ഗവേഷണത്തിനും അഭിവൃദ്ധിക്കും അറിവ് പ്രചരിപ്പിക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക ;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക ;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട്, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

69ജി. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ്:

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി.എച്ച്.ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് :

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ പഠന ബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പിഎച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽനിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പിഎച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും:

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ്;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽനിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധിവീതം;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത്:—

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടിവരുന്ന സമയങ്ങളിലെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ;

(ii) കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതാണ്.

(4) സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവരപ്പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള ഒരു യോഗമെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ ക്വാറത്തിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻ മേൽ യോഗം വിളിച്ചുകൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠനബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായയോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

69എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടു കൂടി കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക:

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരംതാഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ്;

(ii) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും റഫറൻസിനായി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഉചിതമായി കൈകാര്യം ചെയ്യുന്ന പുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ആവശ്യമുള്ളപ്പോഴെല്ലാം പാഠപുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(iii) നൂതനമായ അദ്ധ്യാപനത്തിനും മൂല്യനിർണ്ണയ സമ്പ്രദായത്തിനും വേണ്ടിയുള്ള പ്രവർത്തന സമ്പ്രദായങ്ങൾ നിർദ്ദേശിക്കുക;

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

69ഐ. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽനിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ടുവർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പിഎച്ച്.ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഓരോ സ്വയംഭരണ കോളേജിനുവേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാൾ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ മതിയായ അനുഭവജ്ഞാനമുള്ളതുമായ ആൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

69ജെ. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് വർഷമായിരിക്കുന്നതും മറ്റൊരു രണ്ടുവർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ്:

എന്നാൽ, ഒരേ വ്യക്തി നാലുവർഷ കാലയളവിന് ഉപരിയായി നാമനിർദ്ദേശ ത്തിന് അർഹനല്ലാത്തതാകുന്നു.

69കെ. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാലുമാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

69എൽ. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബിരുദങ്ങളും ഡിപ്ലോമകളും നൽകുന്ന പുതിയ പഠന പദ്ധതികൾ ഏർപ്പെടുത്തുന്നതിനെ അംഗീകരിക്കുകയും സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ചെയ്യുക;

(ii) ഓരോ കോഴ്സിനും പരീക്ഷ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(iii) ബിരുദമോ ഡിപ്ലോമയോ, അതതു സംഗതിപോലെ, നൽകുന്നതിനു വേണ്ടി ശിപാർശ ചെയ്ത് പരീക്ഷാഫലങ്ങൾ സർവ്വകലാശാലയിലേക്ക് അയയ്ക്കുക;

(iv) വിദ്യാർത്ഥികൾക്കുള്ള മാർക്ക്ലിസ്റ്റ് നൽകുന്നത് അംഗീകരിക്കുക;

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക:

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

(vi) സ്വയംഭരണ കോളേജിലെ അക്കാദമിക കൗൺസിലിന്റെ ശിപാർശയിന്മേൽ സ്കോളർഷിപ്പുകളും ഫെല്ലോഷിപ്പുകളും സ്റ്റുഡൻസ്ഷിപ്പുകളും മെഡലുകളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തുക;

(vii) സ്പോർട്സ്, പാഠ്യേതര പ്രവർത്തനങ്ങൾ, ഹോസ്റ്റലുകളുടെയും കളിസ്ഥലങ്ങളുടെയും ശരിയായ പരിപാലനവും പ്രവർത്തനവും എന്നിവയ്ക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുക;

(viii) സ്വയംഭരണ കോളേജുകളുടെ ശരിയായ വികസനത്തിനും സ്വയംഭരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുംവേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമിതികൾ രൂപീകരിക്കുകയും അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

69എം. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി (2)-ാം ഉപവകുപ്പിൻകീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽനിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുവേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാരസമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ അൺഎയ്ഡഡ് കോളേജോ അൺഎയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെകൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽനിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻകീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്കുതന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ്-ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുളള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചു കൊടുക്കേണ്ടതാണ്.

69എൻ. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ്കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തരപഠനം നൽകിവരുന്ന ഒരു വകുപ്പിന്റെ തലവനായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജരും, നിയമിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ സംസ്ഥാനത്തെ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യനാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

(2) സർവ്വകലാശാല നൽകുന്ന ഡിപ്ലോമയോ ബിരുദമോ നൽകുന്നതിലേക്കുള്ള എല്ലാ പരീക്ഷകളും പരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

(3) സ്വയംഭരണ കോളേജിലെ പരീക്ഷാനടത്തിപ്പിനായി, സ്വയംഭരണാധികാരം അനുവദിച്ചതുമുതൽ മൂന്നുമാസത്തിനുള്ളിലോ അല്ലെങ്കിൽ ആദ്യ പരീക്ഷകൾ നടത്തുന്നതിന് ആറുമാസം മുൻപോ, ഇവയിൽ ഏതാണോ ആദ്യം അതിനുള്ളിൽ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ഒരു പരീക്ഷാ മാന്വൽ ഉണ്ടാക്കേണ്ടതാണ്.

(4) പരീക്ഷാ മാന്വൽ താഴെപ്പറയുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കേണ്ടതാണ്, അതായത്:—

(എ) പരീക്ഷകൾ നടത്തുന്നതിന്റെ ചുമതലകളും അതിന്റെ മേൽനോട്ടവും പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ആ ആവശ്യത്തിനായി നിയോഗിക്കപ്പെട്ട ആളുകൾക്ക് പ്രത്യേകമായി ഏൽപ്പിച്ചുകൊടുക്കേണ്ടതും അവരുടെ ജോലികൂടി വ്യക്തമാക്കേണ്ടതുമാണ് ;

(ബി) ചോദ്യങ്ങൾ ഉണ്ടാക്കുക, മൂല്യനിർണ്ണയം, നിരീക്ഷണം എന്നീ പ്രക്രിയകളിലെ സ്വാതന്ത്ര്യം നിലനിർത്തേണ്ടതാണ് ;

(സി) പരീക്ഷാനടപടികളുടെ സത്യസന്ധത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ സംരക്ഷണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള തരത്തിലുള്ളതും അങ്ങനെയുള്ള പരമാവധി ശിക്ഷയ്ക്കും വിധേയമായി പരീക്ഷാ മാന്വലിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന സംഗതിയിൽ പരീക്ഷാനടത്തിപ്പിനു ഉത്തരവാദപ്പെട്ട ഏതെങ്കിലും വ്യക്തിക്ക് നൽകാവുന്ന പര്യാപ്തമായ ശിക്ഷകൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പരീക്ഷാ മാന്വൽ ഉണ്ടാക്കുന്നതിൽ, സർവ്വകലാശാലയുടെ പരീക്ഷാ മാന്വലിൽ ഉള്ള സംരക്ഷണ വ്യവസ്ഥകൾതന്നെ, കഴിയുന്നിടത്തോളം, കോളേജുകളുടെ പരീക്ഷ നടത്തുന്നതിനായി പരീക്ഷാ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു സ്വയംഭരണ കോളേജ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, പരീക്ഷാനടപടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അഭിപ്രായങ്ങൾക്കും തിരുത്തലുകൾക്കുമായി പരീക്ഷാ മാന്വൽ ഒരു സ്വയംഭരണ കോളേജ് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അഭിപ്രായം ലഭിക്കുമ്പോൾ കഴിയുന്നിടത്തോളം അവ പരീക്ഷാ മാന്വലിൽ ഉൾപ്പെടുത്തേണ്ടതും നിർദ്ദേശങ്ങളിൽ ഏതെങ്കിലും പാലിക്കാൻ സാധിക്കാതെ വരുന്നതിന്റെ കാരണങ്ങൾ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

(5) മാർക്ക്ലിസ്റ്റുകൾ നൽകുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെയും സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറുടെയും പേരുകളിലും മുദ്രകളോടെയും സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള ഒരു രൂപഘടനയോട് യോജിക്കുന്ന രീതിയിൽ മാർക്ക് ലിസ്റ്റ് നൽകേണ്ടതാണ്.

69ഒ. <u>ബിരുദങ്ങൾ നൽകൽ.</u>—(1) സ്വയംഭരണ കോളേജ് വിലയിരുത്തുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള ബിരുദങ്ങളും ഡിപ്ലോമകളും പദവികളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും സർവ്വകലാശാല അതിനായി നിർണ്ണയിച്ചേക്കാവുന്ന ന്യായമായ ഫീസ് ഈടാക്കിയശേഷം സർവ്വകലാശാല നൽകേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ബിരുദം, ഡിപ്ലോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള പൊതുവായ ഒരു രൂപഘടനയിൽ ആയിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഒരു സ്വയംഭരണ കോളേജിന്റെ പേര് അങ്ങനെയുള്ള കോളേജ് അതിനായി അപേക്ഷിക്കുന്നപക്ഷം, ബിരുദം, ഡിപ്ലോമ, പദവി, സർട്ടിഫിക്കറ്റ്, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റിൽ കാണിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണാധികാര കോളേജിൽനിന്നും ശിപാർശ ലഭിച്ച് നാൽപ്പത്തിയഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവ്വകലാശാല ബിരുദം, ഡിപ്ളോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

69പി. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവപ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ വയ്പിക്കേണ്ടതാണ്:

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധസമിതിയോ രൂപീകരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കിഅയയ്ക്കുകയോ ചെയ്യേണ്ടതുമാണ്:

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കുവേണ്ടിയുള്ള കാലയളവ്, ക്രെഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം, രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ, അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്നു എന്നോ ഉള്ള കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു:

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായംസഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും ആയത് വൈസ്-ചാൻസലർ കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ് :

എന്നാൽ, ഇതുസംബന്ധിച്ച തീരുമാനം, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിക്കാത്തപക്ഷം, സർവ്വകലാശാല ആ നിർദ്ദേശം അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയോ നിരസിക്കലിന്റെയോ ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്:

എന്നാൽ, തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് സ്വയംഭരണ അംഗീകാര സമിതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും അതിന്മേലുള്ള സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ തീരുമാനത്തിലെത്തിച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനായി, അതിന് യുക്തമെന്ന് തോന്നുന്നപക്ഷം വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നു തന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള വിദഗ്ദ്ധരെ വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്:

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളു.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിയ്ക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ 10-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിയ്ക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴൊ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ ആ റിപ്പോർട്ടോ റഫറൻസോ പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽ നിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) 14-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ്:

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യതവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, കഴിയുന്നിടത്തോളം, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്ക്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതും അങ്ങനെ ചെയ്യാൻ സാധിക്കാതെ വരുന്ന സംഗതിയിൽ അങ്ങനെ ചെയ്യാൻ അതിന് കഴിയാത്തതിന്റെ കാരണം രേഖാമൂലം സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

69ക്യു. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഭേദഗതി നിർദ്ദേശങ്ങൾ നിലവിലുണ്ടെന്ന കാരണത്താൽ ഈ അദ്ധ്യായത്തിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു കീഴിൽ അർഹതയുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നത് തടഞ്ഞുവയ്ക്കുവാൻ പാടുള്ളതല്ല.

(2) ഒരു സ്വയംഭരണ കോളേജിന്റെയോ സ്വയംഭരണാധികാരം അനുവദിച്ചു കിട്ടുന്നതിന് അപേക്ഷിച്ചിട്ടുള്ള ഒരു കോളേജിന്റെയോ കാര്യത്തിലുള്ള വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അങ്ങനെയുള്ള വൈഷമ്യങ്ങൾ നിക്കംചെയ്യുന്നതിനായി ഈ ആക്റ്റിലെ മറ്റേതെങ്കിലും അദ്ധ്യായത്തിൻ കീഴിൽ ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരത്തിനു പുറമെ, ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾ സർവ്വകലാശാലയ്ക്കും സ്വയംഭരണ കോളേജിനും അല്ലെങ്കിൽ സ്വയംഭരണാധികാരത്തിനായി അപേക്ഷിച്ചിട്ടുള്ള കോളേജിനും ബാധകമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് 39-ാം വകുപ്പിൽ റഗുലേഷനുകൾ ഉണ്ടാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതല്ല.

69ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനു കീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

69എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻ കീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

3. 1975-ലെ 5-ാം ആക്റ്റിന്റെ ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5),—

(എ) 2-ാം വകുപ്പിൽ,—

(i) (1)-ാം ഖണ്ഡം ആ വകുപ്പിന്റെ (1എ) ഖണ്ഡമായി പുനരക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിനു മുമ്പ് താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക ബന്ധപ്പെട്ട വിഷയങ്ങൾക്കുവേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലയ്ക്കോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(ii) അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(1ബി) "ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ" എന്നാൽ 69എഫ് വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അംഗങ്ങളടങ്ങിയ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ എന്നർത്ഥമാകുന്നു;";

(iii) (4)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(4എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 68ബി വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു;

(4ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIIIബി അദ്ധ്യായത്തിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iv) (5)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 68എച്ച് വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (10)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;";

(vi) (23)-ാം ഖണ്ഡത്തിൽ, അതിൽ ഒരു സ്വയംഭരണ കോളേജിന്റെ റെഗുലേഷനുകളും സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ഉൾപ്പെടുന്നതുമാകുന്നു എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്;

(vii) 31-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(31എ) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) 4-ാം

വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;";

(ബി) 5-ാം വകുപ്പിൽ,—

(i) (iഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക;

(iബി) ഈ ആക്റ്റിന്റെ അദ്ധ്യായം VIII ബി-യിൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;"

(സി) അദ്ധ്യായം VIIIഎ-യ്ക്കുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം VIIIബി

## സ്വയംഭരണ കോളേജുകൾ

68ബി. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ് ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

68സി. സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും.— സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് 68എൻ വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക ;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനു വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക ;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും:

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും.

68ഡി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷിക്കുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

68ഇ. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത് :—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് ;

(iii) ഗവേണിംഗ് കൗൺസിൽ.

(2) ഈ ആക്റ്റിലോ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, നടപടി പ്രക്രിയകൾ, അംഗീകാരം, ഒരു സ്വയംഭരണ കോളേജിലെ അധികാര സ്ഥാനങ്ങളുടെ രൂപീകരണം, അവരുടെ അധികാരങ്ങൾ, ഒരു സ്വയംഭരണ കോളേജിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതാണ്.

(3) സർവ്വകലാശാലയുടെ നിലവിലുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസുകൾ എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥ ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തമില്ലാത്തതോ അതിപ്രഭാവമോ വൈരുദ്ധ്യമോ ഉള്ളതോ ആണെന്ന തർക്കമുണ്ടാകുന്ന പക്ഷം, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

68എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രിൻസിപ്പാൾ, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) കോളേജിലെ എല്ലാ വകുപ്പ് മേധാവികളും ;

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ മാനേജരും, നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ ;

(ഡി) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയവ പോലുള്ള മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അദ്ധ്യാപകർക്കിടയിൽനിന്നും പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലമോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ അവസാനം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനഃനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം വർഷത്തിൽ ഒരിക്കലെങ്കിലും വിളിച്ചു കൂട്ടേണ്ടതാണ്.

68ജി. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പഠന കോഴ്സുകൾ, അക്കാദമിക റെഗുലേഷനുകൾ, പാഠ്യപദ്ധതി, സിലബസും അതിന്റെ പരിഷ്കരണങ്ങളും, ബോധനത്തിനും മൂല്യനിർണ്ണയത്തിനും ഉള്ള ക്രമീകരണങ്ങൾ, സമ്പ്രദായങ്ങളും അതിനോടനുബന്ധിച്ച പ്രസക്തമായ നടപടിക്രമങ്ങളും സംബന്ധിച്ച സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും അവ ഭേദഗതികളോടെയോ അല്ലാതെയോ അംഗീകരിക്കുകയും ചെയ്യുക :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും പഠന ബോർഡ് സമർപ്പിച്ച ഏതെങ്കിലും നിർദ്ദേശങ്ങളിൽ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ഭിന്നാഭിപ്രായം ഉണ്ടാവുകയാണെങ്കിൽ, അതിന്, ആയതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, അത് നിരാകരിക്കുകയോ അല്ലെങ്കിൽ സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് അതിന്റെ അഭിപ്രായം സഹിതം പുനഃപരിഗണനയ്ക്കായി തിരികെ നൽകുകയോ ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, നിർദ്ദേശങ്ങൾ തിരികെ നൽകുകയും പഠന ബോർഡ് ആ നിർദ്ദേശം നിർദ്ദിഷ്ട ഭേദഗതികളോടെയോ അല്ലാതെയോ കോളേജിലെ അക്കാദമിക കൗൺസിലിന് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ, അക്കാദമിക കൗൺസിൽ ആ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതാണ്.

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക ;

(iii) പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും കോളേജിൽ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ വിലയിരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഉപദേശക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉള്ള നടപടികൾ ആരംഭിക്കുക ;

(iv) ഗവേഷണത്തിനും അഭിവൃദ്ധിക്കും അറിവ് പ്രചരിപ്പിക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(v) പുതിയ പാഠ്യപദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക ;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക ;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട് ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക ;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

68എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോവേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠന ബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പുതലവൻ, അയാൾക്ക് പിഎച്ച്.ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻ മാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് :

എന്നാൽ, അത്തരം ഒരു വകുപ്പുതലവന്റെ അഭാവത്തിൽ ആ പഠന ബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പിഎച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനാ യിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽനിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠനബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പിഎച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും :

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽനിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :—

(i) പ്രത്യേക പഠനകോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടിവരുന്ന സമയങ്ങളിലെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ ;

(ii) കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠനബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതാണ്.

(4) സ്വയംഭരണകോളേജിന്റെ പഠനബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവരപട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള ഒരു യോഗമെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠനബോർഡിന്റെ ക്വാറത്തിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ച് കൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണകോളേജിന്റെ രണ്ടോ അതിലധികമോ പഠന ബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായയോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

68ഐ. ഒരു സ്വയംഭരണകോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യ പരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണകോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് ;

(ii) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും റഫറൻസിനായി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഉചിതമായി കൈകാര്യം ചെയ്യുന്ന പുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ആവശ്യമുള്ളപ്പോഴെല്ലാം പാഠപുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക ;

(iii) നൂതനമായ അദ്ധ്യാപനത്തിനും മൂല്യനിർണ്ണയ സമ്പ്രദായത്തിനും വേണ്ടിയുള്ള പ്രവർത്തന സമ്പ്രദായങ്ങൾ നിർദ്ദേശിക്കുക ;

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിന് വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

68ജെ. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണകോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവ ജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് :

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ് ;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽനിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പിഎച്ച്.ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :

(എ) മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാൾ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ മതിയായ അനുഭവജ്ഞാനമുള്ളതുമായ ആൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

68കെ. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് വർഷമായിരിക്കുന്നതും മറ്റൊരു രണ്ട് വർഷ കാലയളവിലേക്ക് പുനർനാമ നിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ വ്യക്തി നാല് വർഷ കാലയളവിന് ഉപരിയായി നാമനിർദ്ദേശത്തിന് അർഹനല്ലാത്തതാകുന്നു.

68എൽ. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണ വശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

68എം. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലാകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബിരുദങ്ങളും ഡിപ്ലോമകളും നൽകുന്ന പുതിയ പഠന പദ്ധതികൾ ഏർപ്പെടുത്തുന്നതിനെ അംഗീകരിക്കുകയും സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ചെയ്യുക;

(ii) ഓരോ കോഴ്സിനും പരീക്ഷ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(iii) ബിരുദമോ ഡിപ്ലോമയോ, അതതു സംഗതി പോലെ, നൽകുന്ന തിനുവേണ്ടി ശിപാർശ ചെയ്ത് പരീക്ഷാഫലങ്ങൾ സർവ്വകലാശാലയിലേക്ക് അയയ്ക്കുക ;

(iv) വിദ്യാർത്ഥികൾക്കുള്ള മാർക്ക്‌ലിസ്റ്റ് നൽകുന്നത് അംഗീകരിക്കുക;

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക :

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽനിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

(vi) സ്വയംഭരണ കോളേജിലെ അക്കാദമിക കൗൺസിലിന്റെ ശിപാർശ യിന്മേൽ സ്കോളർഷിപ്പുകളും ഫെല്ലോഷിപ്പുകളും സ്റ്റുഡൻസ്ഷിപ്പുകളും മെഡലുകളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തുക ;

(vii) സ്പോർട്സ്, പാഠ്യേതര പ്രവർത്തനങ്ങൾ, ഹോസ്റ്റലുകളുടെയും കളിസ്ഥലങ്ങളുടെയും ശരിയായ പരിപാലനവും പ്രവർത്തനവും എന്നിവയ്ക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുക ;

(viii) സ്വയംഭരണ കോളേജുകളുടെ ശരിയായ വികസനത്തിനും സ്വയം ഭരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുംവേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമിതികൾ രൂപീകരിക്കുകയും അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

68എൻ. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി (2)-ാം ഉപവകുപ്പിൻകീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽനിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്ന തിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനു വേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണാധികാര അംഗീകാരസമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺഎയ്ഡഡ് കോളേജോ, അൺഎയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര കമ്മിറ്റി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽനിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുളള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻ കീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ് ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ്-ചാൻസലർക്ക് വിവരം ലഭിച്ച് പതിനാല് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുളള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചു കൊടുക്കേണ്ടതാണ്.

68ഒ. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺഎയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിന്റെ തലവനായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജരും, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ സംസ്ഥാനത്തെ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യനാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

(2) സർവ്വകലാശാല നൽകുന്ന ഡിപ്ലോമയോ ബിരുദമോ നൽകുന്നതിലേയ്ക്കുള്ള എല്ലാ പരീക്ഷകളും പരീക്ഷാകൺട്രോളറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

(3) സ്വയംഭരണ കോളേജിലെ പരീക്ഷാനടത്തിപ്പിനായി, സ്വയംഭരണാധികാരം അനുവദിച്ചതുമുതൽ മൂന്നുമാസത്തിനുള്ളിലോ അല്ലെങ്കിൽ ആദ്യ പരീക്ഷകൾ നടത്തുന്നതിന് ആറ് മാസം മുൻപോ, ഇവയിൽ ഏതാണോ ആദ്യം അതിനുള്ളിൽ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ഒരു പരീക്ഷാമാന്വൽ ഉണ്ടാക്കേണ്ടതാണ്.

(4) പരീക്ഷാമാന്വൽ താഴെപ്പറയുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കേണ്ടതാണ്, അതായത്:—

(എ) പരീക്ഷകൾ നടത്തുന്നതിന്റെ ചുമതലകളും അതിന്റെ മേൽനോട്ടവും പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ആ ആവശ്യത്തിനായി നിയോഗിക്കപ്പെട്ട ആളുകൾക്ക് പ്രത്യേകമായി ഏൽപ്പിച്ചുകൊടുക്കേണ്ടതും അവരുടെ ജോലികൂടി വ്യക്തമാക്കേണ്ടതുമാണ് ;

(ബി) ചോദ്യങ്ങൾ ഉണ്ടാക്കുക, മൂല്യനിർണ്ണയം, നിരീക്ഷണം എന്നീ പ്രക്രിയകളിലെ സ്വാതന്ത്ര്യം നിലനിർത്തേണ്ടതാണ് ;

(സി) പരീക്ഷാനടപടികളുടെ സത്യസന്ധത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ സംരക്ഷണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള തരത്തിലുള്ളതും അങ്ങനെയുള്ള പരമാവധി ശിക്ഷയ്ക്കും വിധേയമായി പരീക്ഷാമാന്വലിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന സംഗതിയിൽ പരീക്ഷാനടത്തിപ്പിനു ഉത്തരവാദപ്പെട്ട ഏതെങ്കിലും വ്യക്തിക്ക് നൽകാവുന്ന പര്യാപ്തമായ ശിക്ഷകൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പരീക്ഷാമാന്വൽ ഉണ്ടാക്കുന്നതിൽ, സർവ്വകലാശാലയുടെ പരീക്ഷാമാന്വലിൽ ഉളള സംരക്ഷണ വ്യവസ്ഥകൾ തന്നെ, കഴിയുന്നിടത്തോളം, കോളേജുകളുടെ പരീക്ഷ നടത്തുന്നതിനായി പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു സ്വയംഭരണ കോളേജ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, പരീക്ഷാനടപടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അഭിപ്രായങ്ങൾക്കും തിരുത്തലുകൾക്കുമായി പരീക്ഷാമാന്വൽ ഒരു സ്വയംഭരണ കോളേജ് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അഭിപ്രായം ലഭിക്കുമ്പോൾ കഴിയുന്നിടത്തോളം അവ പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തേണ്ടതും നിർദ്ദേശങ്ങളിൽ ഏതെങ്കിലും പാലിക്കാൻ സാധിക്കാതെ വരുന്നതിന്റെ കാരണങ്ങൾ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

(5) മാർക്ക്ലിസ്റ്റുകൾ നൽകുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെയും സ്വയംഭരണ കോളേജിന്റെ പരീക്ഷാകൺട്രോളറുടെയും പേരുകളിലും മുദ്രകളോടെയും സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള ഒരു രൂപഘടനയോട് യോജിക്കുന്ന രീതിയിൽ മാർക്ക്ലിസ്റ്റ് നൽകേണ്ടതാണ്.

68പി. <u>ബിരുദങ്ങൾ നൽകൽ.</u>—(1) സ്വയംഭരണ കോളേജ് വിലയിരുത്തുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കുളള ബിരുദങ്ങളും ഡിപ്ലോമകളും പദവികളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും സർവ്വകലാശാല അതിനായി നിർണ്ണയിച്ചേക്കാവുന്ന ന്യായമായ ഫീസ് ഈടാക്കിയ ശേഷം സർവ്വകലാശാല നൽകേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ബിരുദം, ഡിപ്ലോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള പൊതുവായ ഒരു രൂപഘടനയിൽ ആയിരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, ഒരു സ്വയംഭരണ കോളേജിന്റെ പേര് അങ്ങനെയുള്ള കോളേജ് അതിനായി അപേക്ഷിക്കുന്നപക്ഷം, ബിരുദം, ഡിപ്ലോമ, പദവി, സർട്ടിഫിക്കറ്റ്, മററ് അക്കാദമിക ബഹുമതികൾ എന്നിവ നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റിൽ കാണിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണാധികാര കോളേജിൽനിന്നും ശിപാർശ ലഭിച്ച് നാൽപ്പത്തിയഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവ്വകലാശാല ബിരുദം, ഡിപ്ലോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

68ക്യു. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ വയ്പിക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധസമിതിയോ രൂപീകരിക്കേണ്ടതാണ്:

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതിമുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ നിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിയ്ക്കുവേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം, രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ, അക്കാദമിക നിലവാരം കുറയാൻ

ഇടവരുത്തുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്നു എന്നോ ഉള്ള കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു:

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും ആയത് വൈസ്-ചാൻസലർ കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ് :

എന്നാൽ, ഇതുസംബന്ധിച്ച തീരുമാനം, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിക്കാത്തപക്ഷം, സർവ്വകലാശാല ആ നിർദ്ദേശം അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയോ നിരസിക്കലിന്റെയോ ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് സ്വയംഭരണ അംഗീകാര സമിതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും അതിൻമേലുള്ള സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, അങ്ങനെ ഫയൽചെയ്യുന്ന അപ്പീലുകളിൻമേൽ തീരുമാനത്തിലെത്തിച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനായി, അതിന് യുക്തമെന്ന് തോന്നുന്നപക്ഷം വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള വിദഗ്ദ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്:

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെ കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളൂ.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ് ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളൂ.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ 'ആ റിപ്പോർട്ടോ റഫറൻസോ' പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനു യുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽ നിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (14)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാര മുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യതവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപതു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിൻമേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, കഴിയുന്നിടത്തോളം, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്ക്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതും അങ്ങനെ ചെയ്യാൻ സാധിക്കാതെവരുന്ന സംഗതിയിൽ അങ്ങനെ ചെയ്യാൻ അതിന് കഴിയാത്തതിന്റെ കാരണം രേഖാമൂലം സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

68 ആർ. <u>സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.</u>—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഭേദഗതി നിർദ്ദേശങ്ങൾ നിലവിലുണ്ടെന്ന കാരണത്താൽ ഈ അദ്ധ്യായത്തിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു കീഴിൽ അർഹതയുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നത് തടഞ്ഞുവയ്ക്കുവാൻ പാടുള്ളതല്ല.

(2) ഒരു സ്വയംഭരണ കോളേജിന്റെയോ സ്വയംഭരണാധികാരം അനുവദിച്ചു കിട്ടുന്നതിന് അപേക്ഷിച്ചിട്ടുള്ള ഒരു കോളേജിന്റെയോ കാര്യത്തിലുള്ള വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അങ്ങനെയുള്ള വൈഷമ്യങ്ങൾ നിക്കംചെയ്യുന്നതിനായി ഈ ആക്റ്റിലെ മറ്റേതെങ്കിലും അദ്ധ്യായത്തിൻ കീഴിൽ ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരത്തിനു പുറമെ, ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾ സർവ്വകലാശാലയ്ക്കും സ്വയംഭരണ കോളേജിനും അല്ലെങ്കിൽ സ്വയംഭരണാധികാരത്തിനായി അപേക്ഷിച്ചിട്ടുള്ള കോളേജിനും ബാധകമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് 39-ാം വകുപ്പിൽ റഗുലേഷനുകൾ ഉണ്ടാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതല്ല.

68എസ്. <u>സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.</u>—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനു കീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

68റ്റി. <u>ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.</u>—ഈ അദ്ധ്യായത്തിൻ കീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

4. 1985-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12),—

(എ) 2-ാം വകുപ്പിൽ,—

(i) (1)-ാം ഖണ്ഡം ആ വകുപ്പിന്റെ (1എ) ഖണ്ഡമായി പുനരക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിനു മുമ്പ് താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക, ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലയ്ക്കോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു;";

(ii) അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(1ബി) "ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ" എന്നാൽ 107-ാം വകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അംഗങ്ങളടങ്ങിയ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ എന്നർത്ഥമാകുന്നു;";

(iii) (4)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(4എ) "സ്വയംഭരണ അംഗീകാര സമിതി" എന്നാൽ 103-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു;

(4ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ IX-ാം അദ്ധ്യായത്തിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു;";

(iv) 5-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 109-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു;";

(v) (10)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;";

(vi) 25-ാം ഖണ്ഡത്തിൽ, "അതിൽ ഒരു സ്വയംഭരണ കോളേജിന്റെ റെഗുലേഷനുകളും സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ്;

(vii) 33-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(33എ) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;";

(ബി) 5-ാം വകുപ്പിൽ,—

(i) (iഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക;

(iബി) ഈ ആക്റ്റിന്റെ അദ്ധ്യായം IX-ൻ കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക;"

(സി) അദ്ധ്യായം VIII-നുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം IX

## സ്വയംഭരണ കോളേജുകൾ

103. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാ ഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ് ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്:

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

104. <u>സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.—സ്വയംഭരണ അംഗീകാര സമിതിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) അക്കാദമിക സ്വയംഭരണത്തിനു വേണ്ടി അപേക്ഷിക്കുന്നതിന് 115-ാം വകുപ്പിൻ കീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനു വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചു കൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിൻമേലോ ഹർജിയിൻമേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിൻമേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻ കീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും.

105. <u>അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം</u>.— ഈ അദ്ധ്യായത്തിൻ കീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷിക്കുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

106. <u>ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ</u>.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് ;

(iii) ഗവേണിംഗ് കൗൺസിൽ.

(2) ഈ ആക്റ്റിലോ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, നടപടി പ്രക്രിയകൾ, അംഗീകാരം, ഒരു സ്വയംഭരണ കോളേജിലെ അധികാര സ്ഥാനങ്ങളുടെ രൂപീകരണം, അവരുടെ അധികാരങ്ങൾ, ഒരു സ്വയംഭരണ കോളേജിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതാണ്.

(3) സർവ്വകലാശാലയുടെ നിലവിലുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസുകൾ എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥ ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തമില്ലാത്തതോ അതിപ്രഭാവമോ വൈരുദ്ധ്യമോ ഉള്ളതോ ആണെന്ന തർക്കമുണ്ടാകുന്നപക്ഷം, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

107. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പാൾ, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) കോളേജിലെ എല്ലാ വകുപ്പ് മേധാവികളും ;

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ മാനേജരും, നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ ;

(ഡി) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയവപോലുള്ള മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തുനിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അദ്ധ്യാപകർക്കിടയിൽ നിന്നും പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലമോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ അവസാനം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനഃനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം വർഷത്തിൽ ഒരിക്കലെങ്കിലും വിളിച്ചു കൂട്ടേണ്ടതാണ്.

108. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) പഠന കോഴ്സുകൾ, അക്കാദമിക റെഗുലേഷനുകൾ, പാഠ്യപദ്ധതി, സിലബസും അതിന്റെ പരിഷ്കരണങ്ങളും, ബോധനത്തിനും മൂല്യനിർണ്ണയത്തിനും ഉള്ള ക്രമീകരണങ്ങൾ, സമ്പ്രദായങ്ങളും അതിനോടനുബന്ധിച്ച പ്രസക്തമായ നടപടിക്രമങ്ങളും സംബന്ധിച്ച സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ നിർദ്ദേശങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും അവ ഭേദഗതികളോടെയോ അല്ലാതെയോ അംഗീകരിക്കുകയും ചെയ്യുക :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും പഠന ബോർഡ് സമർപ്പിച്ച ഏതെങ്കിലും നിർദ്ദേശങ്ങളിൽ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ഭിന്നാഭിപ്രായം ഉണ്ടാവുകയാണെങ്കിൽ, അതിന്, ആയതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, അത് നിരാകരിക്കുകയോ അല്ലെങ്കിൽ സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന് അതിന്റെ അഭിപ്രായം സഹിതം പുനഃപരിഗണനയ്ക്കായി തിരികെ നൽകുകയോ ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, നിർദ്ദേശങ്ങൾ തിരികെ നൽകുകയും പഠന ബോർഡ് ആ നിർദ്ദേശം നിർദ്ദിഷ്ട ഭേദഗതികളോടെയോ അല്ലാതെയോ കോളേജിലെ അക്കാദമിക കൗൺസിലിന് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ, അക്കാദമിക കൗൺസിൽ ആ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതാണ്.

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക ;

(iii) പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും കോളേജിൽ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ വിലയിരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഉപദേശക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉള്ള നടപടികൾ ആരംഭിക്കുക ;

(iv) ഗവേഷണത്തിനും അഭിവൃദ്ധിക്കും അറിവ് പ്രചരിപ്പിക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക ;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക ;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക ;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചു കൊടുത്തേയ്ക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

109. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ്:

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി.എച്ച്.ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് :

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ പഠന ബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പി.എച്ച്.ഡിയുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു

കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽ നിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും :

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത്:—

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടിവരുന്ന സമയങ്ങളിലെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ ;

(ii) കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതാണ്.

(4) സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവര പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള ഒരു യോഗമെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ ക്വാറത്തിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ച് കൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠനബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായയോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

110. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടു കൂടി കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക:

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ്:

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരം താഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് ;

(ii) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും റഫറൻസിനായി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഉചിതമായി കൈകാര്യം ചെയ്യുന്ന പുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ആവശ്യമുള്ളപ്പോഴെല്ലാം പാഠപുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക ;

(iii) നൂതനമായ അദ്ധ്യാപനത്തിനും മൂല്യനിർണ്ണയ സമ്പ്രദായത്തിനും വേണ്ടിയുള്ള പ്രവർത്തന സമ്പ്രദായങ്ങൾ നിർദ്ദേശിക്കുക ;

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

111. ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവ ജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്:

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്തപക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ് ;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാൾ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ മതിയായ അനുഭവജ്ഞാനമുള്ളതുമായ ആൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

112. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് വർഷമായിരിക്കുന്നതും മറ്റൊരു രണ്ട് വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ്:

എന്നാൽ, ഒരേ വ്യക്തി നാല് വർഷ കാലയളവിന് ഉപരിയായി നാമനിർദ്ദേശത്തിന് അർഹനല്ലാത്തതാകുന്നു.

113. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻ മേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

114. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ബിരുദങ്ങളും ഡിപ്ലോമകളും നൽകുന്ന പുതിയ പഠന പദ്ധതികൾ ഏർപ്പെടുത്തുന്നതിനെ അംഗീകരിക്കുകയും സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ചെയ്യുക ;

(ii) ഓരോ കോഴ്സിനും പരീക്ഷ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുക ;

(iii) ബിരുദമോ ഡിപ്ലോമയോ, അതതു സംഗതി പോലെ, നൽകുന്നതിനു വേണ്ടി ശിപാർശ ചെയ്ത് പരീക്ഷാഫലങ്ങൾ സർവ്വകലാശാലയിലേക്ക് അയക്കുക ;

(iv) വിദ്യാർത്ഥികൾക്കുള്ള മാർക്ക്ലിസ്റ്റ് നൽകുന്നത് അംഗീകരിക്കുക ;

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക :

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽ നിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

(vi) സ്വയംഭരണ കോളേജിലെ അക്കാദമിക കൗൺസിലിന്റെ ശിപാർശയിന്മേൽ സ്കോളർഷിപ്പുകളും ഫെല്ലോഷിപ്പുകളും സ്റ്റുഡൻസ്ഷിപ്പുകളും മെഡലുകളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തുക ;

(vii) സ്പോർട്സ്, പാഠ്യേതര പ്രവർത്തനങ്ങൾ, ഹോസ്റ്റലുകളുടെയും കളിസ്ഥലങ്ങളുടെയും ശരിയായ പരിപാലനവും പ്രവർത്തനവും എന്നിവയ്ക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുക ;

(viii) സ്വയംഭരണ കോളേജുകളുടെ ശരിയായ വികസനത്തിനും സ്വയം ഭരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുംവേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമിതികൾ രൂപീകരിക്കുകയും അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

115. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി (2)-ാം ഉപവകുപ്പിൻ കീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽ നിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനു വേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺ എയ്ഡഡ് കോളേജോ, അൺ എയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻ കീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ് ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുളള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടുകൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

116. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാകൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിന്റെ തലവനായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജരും, നിയമിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ സംസ്ഥാനത്തെ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യനാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

(2) സർവ്വകലാശാല നൽകുന്ന ഡിപ്ലോമയോ ബിരുദമോ നൽകുന്നതിലേക്കുള്ള എല്ലാ പരീക്ഷകളും പരീക്ഷാകൺട്രോളറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

(3) സ്വയംഭരണ കോളേജിലെ പരീക്ഷാനടത്തിപ്പിനായി, സ്വയംഭരണാധികാരം അനുവദിച്ചതുമുതൽ മൂന്നുമാസത്തിനുളളിലോ അല്ലെങ്കിൽ ആദ്യ പരീക്ഷകൾ നടത്തുന്നതിന് ആറ് മാസം മുൻപോ, ഇവയിൽ ഏതാണോ ആദ്യം അതിനുള്ളിൽ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ഒരു പരീക്ഷാമാന്വൽ ഉണ്ടാക്കേണ്ടതാണ്.

(4) പരീക്ഷാ മാന്വൽ താഴെപ്പറയുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കേണ്ടതാണ്, അതായത്:—

(എ) പരീക്ഷകൾ നടത്തുന്നതിന്റെ ചുമതലകളും അതിന്റെ മേൽനോട്ടവും പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ആ ആവശ്യത്തിനായി നിയോഗിക്കപ്പെട്ട ആളുകൾക്ക് പ്രത്യേകമായി ഏൽപ്പിച്ചുകൊടുക്കേണ്ടതും അവരുടെ ജോലികൂടി വ്യക്തമാക്കേണ്ടതുമാണ് ;

(ബി) ചോദ്യങ്ങൾ ഉണ്ടാക്കുക, മൂല്യനിർണ്ണയം, നിരീക്ഷണം എന്നീ പ്രക്രിയകളിലെ സ്വാതന്ത്ര്യം നിലനിർത്തേണ്ടതാണ് ;

(സി) പരീക്ഷാനടപടികളുടെ സത്യസന്ധത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ സംരക്ഷണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള തരത്തിലുള്ളതും അങ്ങനെയുള്ള പരമാവധി ശിക്ഷയ്ക്കും വിധേയമായി പരീക്ഷാമാന്വലിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന സംഗതിയിൽ പരീക്ഷാനടത്തിപ്പിനു ഉത്തരവാദപ്പെട്ട ഏതെങ്കിലും വ്യക്തിക്ക് നൽകാവുന്ന പര്യാപ്തമായ ശിക്ഷകൾ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പരീക്ഷാമാന്വൽ ഉണ്ടാക്കുന്നതിൽ, സർവ്വകലാശാലയുടെ പരീക്ഷാമാന്വലിൽ ഉളള സംരക്ഷണ വ്യവസ്ഥകൾ തന്നെ, കഴിയുന്നിടത്തോളം, കോളേജുകളുടെ പരീക്ഷ നടത്തുന്നതിനായി പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു സ്വയംഭരണ കോളേജ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, പരീക്ഷാനടപടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അഭിപ്രായങ്ങൾക്കും തിരുത്തലുകൾക്കുമായി പരീക്ഷാമാന്വൽ ഒരു സ്വയംഭരണ കോളേജ് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അഭിപ്രായം ലഭിക്കുമ്പോൾ കഴിയുന്നിടത്തോളം അവ പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തേണ്ടതും നിർദ്ദേശങ്ങളിൽ ഏതെങ്കിലും പാലിക്കാൻ സാധിക്കാതെ വരുന്നതിന്റെ കാരണങ്ങൾ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

(5) മാർക്ക് ലിസ്റ്റുകൾ നൽകുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെയും സ്വയംഭരണ കോളേജിന്റെ പരീക്ഷാകൺട്രോളറുടെയും പേരുകളിലും മുദ്രകളോടെയും സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള ഒരു രൂപഘടനയോട് യോജിക്കുന്ന രീതിയിൽ മാർക്ക് ലിസ്റ്റ് നൽകേണ്ടതാണ്.

117. ബിരുദങ്ങൾ നൽകൽ.—(1) സ്വയംഭരണ കോളേജ് വിലയിരുത്തുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള ബിരുദങ്ങളും ഡിപ്ലോമകളും പദവികളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും സർവ്വകലാശാല അതിനായി നിർണ്ണയിച്ചേക്കാവുന്ന ന്യായമായ ഫീസ് ഈടാക്കിയശേഷം സർവ്വകലാശാല നൽകേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ബിരുദം, ഡിപ്ലോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള പൊതുവായ ഒരു രൂപഘടനയിൽ ആയിരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, ഒരു സ്വയംഭരണ കോളേജിന്റെ പേര് അങ്ങനെയുള്ള കോളേജ് അതിനായി അപേക്ഷിക്കുന്ന പക്ഷം, ബിരുദം, ഡിപ്ലോമ, പദവി, സർട്ടിഫിക്കറ്റ്, മററ് അക്കാദമിക ബഹുമതികൾ എന്നിവ നൽകിക്കൊണ്ടുളള സർട്ടിഫിക്കറ്റിൽ കാണിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണാധികാര കോളേജിൽ നിന്നും ശിപാർശ ലഭിച്ച് നാൽപ്പത്തിയഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവ്വകലാശാല ബിരുദം, ഡിപ്ളോമ, പദവി, അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

118. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ.—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ വയ്പിക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധസമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കുവേണ്ടിയുള്ള കാലയളവ്, ക്രെഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം, രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ, അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്നു എന്നോ ഉള്ള കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും ആയത് വൈസ്-ചാൻസലർ കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ് :

എന്നാൽ, ഇതുസംബന്ധിച്ച തീരുമാനം, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിക്കാത്തപക്ഷം, സർവ്വകലാശാല ആ നിർദ്ദേശം അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയോ നിരസിക്കലിന്റെയോ ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനയ്ക്കായി സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് സ്വയംഭരണ അംഗീകാര സമിതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും അതിന്മേലുള്ള സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ തീരുമാനത്തിലെത്തി ച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനായി, അതിന് യുക്തമെന്ന് തോന്നുന്നപക്ഷം വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നുതന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള വിദഗ്ദ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളു.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചു വരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളു.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ, ആ റിപ്പോർട്ടോ റഫറൻസോ, പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽ നിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (14)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചു കൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യതവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാമാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുള്ള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, കഴിയുന്നിടത്തോളം, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്ക്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതും അങ്ങനെ ചെയ്യാൻ സാധിക്കാതെ വരുന്ന സംഗതിയിൽ അങ്ങനെ ചെയ്യാൻ അതിന് കഴിയാത്തതിന്റെ കാരണം രേഖാമൂലം സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

119. സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുള്ള അധികാരം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഭേദഗതി നിർദ്ദേശങ്ങൾ നിലവിലുണ്ടെന്ന കാരണത്താൽ ഈ അദ്ധ്യായത്തിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു കീഴിൽ അർഹതയുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നത് തടഞ്ഞുവയ്ക്കുവാൻ പാടുള്ളതല്ല.

(2) ഒരു സ്വയംഭരണ കോളേജിന്റെയോ സ്വയംഭരണാധികാരം അനുവദിച്ചു കിട്ടുന്നതിന് അപേക്ഷിച്ചിട്ടുള്ള ഒരു കോളേജിന്റെയോ കാര്യത്തിലുള്ള വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അങ്ങനെയുള്ള വൈഷമ്യങ്ങൾ നിക്കംചെയ്യുന്നതിനായി ഈ ആക്റ്റിലെ മറ്റേതെങ്കിലും അദ്ധ്യായത്തിൻ കീഴിൽ ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരത്തിനുപുറമെ, ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾ സർവ്വകലാശാലയ്ക്കും സ്വയംഭരണ കോളേജിനും അല്ലെങ്കിൽ സ്വയംഭരണാധികാരത്തിനായി അപേക്ഷിച്ചിട്ടുള്ള കോളേജിനും ബാധകമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് 40-ാം വകുപ്പിൽ റഗുലേഷനുകൾ ഉണ്ടാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതല്ല.

120. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.—സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനുകീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

121. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്ന തല്ലെന്ന്.—ഈ അദ്ധ്യായത്തിൻ കീഴിൽ, സ്വയംഭരണ അംഗീകാര സമിതി യുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

5. 1996-ലെ 22-ാം ആക്റ്റിന്റെ ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22),—

(എ) 2-ാം വകുപ്പിൽ,—

(i) (1)-ാം ഖണ്ഡം ആ വകുപ്പിന്റെ (1എ) ഖണ്ഡമായി പുനരക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിനുമുമ്പ് താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(1) "അക്കാദമിക സ്വയംഭരണം" എന്നാൽ ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക നുസൃതമായി അക്കാദമിക പരിപാടികൾ നടത്തുക ബന്ധപ്പെട്ട വിഷയങ്ങൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതി വികസിപ്പിക്കുക, അദ്ധ്യയനം, പഠനം, മൂല്യനിർണ്ണയം എന്നിവയുടെ രീതികൾ ആസൂത്രണം ചെയ്യുക, സർവ്വകലാശാലയുടെ ഒരു ബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ്, അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും എന്നിവ നൽകുന്നതിലേക്കുള്ള പരീക്ഷകൾ നടത്തുക, ഫലം പ്രസിദ്ധീകരിക്കുക എന്നിവയ്ക്കായി ഒരു കോളേജിനോ സർവ്വകലാശാലയ്ക്കോ ഉള്ള വിശേഷാധികാരം എന്നർത്ഥമാകുന്നു ;";

(ii) അങ്ങനെ പുനരക്കമിട്ട (1എ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(1ബി) "ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ" എന്നാൽ 74ഇ വകുപ്പിൻകീഴിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അംഗങ്ങളടങ്ങിയ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ എന്നർത്ഥമാകുന്നു ;";

(iii) (4)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

''(4എ) ''സ്വയംഭരണ അംഗീകാര സമിതി'' എന്നാൽ 74എ വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ അംഗീകാര സമിതി എന്നർത്ഥമാകുന്നു ;

(4ബി) "സ്വയംഭരണ കോളേജ്" എന്നാൽ ഈ ആക്റ്റിന്റെ VIIIഎ അദ്ധ്യായത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ പദവി നൽകിയ ഒരു കോളേജ് എന്നർത്ഥമാകുന്നു ;";

(iv) (5)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(5എ) "ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ്" എന്നാൽ 74ജി വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട, ഒരു സ്വയംഭരണ കോളേജിന്റെ പഠന ബോർഡ് എന്നർത്ഥമാകുന്നു ;";

(v) (10)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഗവേണിംഗ് കൗൺസിൽ" എന്നാൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു ;";

(vi) (xxiv)-ാം ഖണ്ഡത്തിൽ, "അതിൽ ഒരു സ്വയംഭരണ കോളേജിന്റെ റെഗുലേഷനുകളും സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾ അവസാനം ചേർക്കേണ്ടതാണ് ;

(vii) (xxxii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xxxiiഎ) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റിന്റെ (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു ;";

(ബി) 5-ാം വകുപ്പിൽ,—

(i) (iഎ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(iഎ) ഒരു സർവ്വകലാശാലാ വകുപ്പിന് അക്കാദമിക സ്വയംഭരണം നൽകുക ;

(iബി) ഈ ആക്റ്റിന്റെ അദ്ധ്യായം VIIIഎ-യിൻകീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിനോ ഒരു അഫിലിയേറ്റഡ് കോളേജിന്റെ വകുപ്പിനോ അക്കാദമിക സ്വയംഭരണം നൽകുക ;"

(സി) അദ്ധ്യായം VIII-നുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം VIII എ

## സ്വയംഭരണ കോളേജുകൾ

74എ. സ്വയംഭരണ അംഗീകാര സമിതി.— (1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ് :

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

74ബി. സ്വയംഭരണ അംഗീകാര സമിതിയുടെ അധികാരങ്ങളും ചതുമതലകളും.— സ്വയംഭരണ അംഗീകാര സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അക്കാദമിക സ്വയംഭരണത്തിനുവേണ്ടി അപേക്ഷിക്കുന്നതിന് 74എം വകുപ്പിൻകീഴിൽ അങ്ങനെ തരംതിരിക്കപ്പെട്ട യോഗ്യതയുള്ള കോളേജുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുക ;

(ii) ഉന്നത വിദ്യാഭ്യാസത്തിന്റെ ഉയർന്ന ഗുണനിലവാരം പരിരക്ഷിക്കുന്നതിനു വേണ്ടി, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണ കോളേജുകൾക്കായി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചും അതിനു പുറമെയും, വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ഉപാധികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർണ്ണയിക്കുക ;

(iii) സ്വയംഭരണ അംഗീകാര സമിതി ശിപാർശ ചെയ്ത ഒരു കോളേജിന്റെ അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുന്നതിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(iv) ഒരു കോളേജിന് സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളുടെയും ഉപാധികളുടെയും ലംഘനം സംബന്ധിച്ച ഏതെങ്കിലും പരാതിയിന്മേലോ ഹർജിയിന്മേലോ അന്വേഷണം നടത്തുന്നതിന് ;

(v) സ്വയംഭരണാധികാരത്തിനുവേണ്ടി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒരു കോളേജ് ലംഘിക്കുകയോ അല്ലെങ്കിൽ ദുരുപയോഗം ചെയ്യുകയോ ചെയ്തതായ ഏതെങ്കിലും വിഷയത്തിന്മേൽ സിൻഡിക്കേറ്റിന്റെയോ അക്കാദമിക കൗൺസിലിന്റെയോ റിപ്പോർട്ട് പരിഗണിക്കുക ;

(vi) ഏതെങ്കിലും കോളേജിന് നൽകപ്പെട്ട അക്കാദമിക സ്വയംഭരണാധികാരത്തിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുകയും അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും :

എന്നാൽ, സ്വയംഭരണാധികാരം നൽകപ്പെട്ട ഒരു സർക്കാർ കോളേജിന്റെ കാര്യത്തിൽ പ്രിൻസിപ്പാളിനും സർക്കാർ കോളേജ് അല്ലാത്ത സ്വയംഭരണ കോളേജിന്റെ കാര്യത്തിൽ കോളേജിന്റെ മാനേജരുടെ പ്രതിനിധിക്കും പറയുവാനുള്ളത് പറയുവാനുള്ള ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു തീരുമാനവും കൈക്കൊള്ളുവാൻ പാടുള്ളതല്ല ;

(vii) ഒരു സ്വയംഭരണ കോളേജിന് അക്കാദമിക സ്വയംഭരണാധികാരം നൽകിയതിന്റെ നിബന്ധനകളും ഉപാധികളും റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുന്നതിന് ;

(viii) സ്വയംഭരണ കോളേജുകളുടെ അപ്പീലുകൾ കേൾക്കുന്നതിന് ;

(ix) ഈ അദ്ധ്യായത്തിൻകീഴിൽ പ്രസക്തമായ ഏതെങ്കിലും വിഷയം പരിശോധിച്ചറിയുന്നതിനോ മറ്റേതെങ്കിലും ആവശ്യത്തിനോ വേണ്ടി ഏതെങ്കിലും

സ്വയംഭരണ കോളേജിന്റെയോ അക്കാദമിക സ്വയംഭരണാധികാരം ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും കോളേജിന്റെയോ റിക്കാർഡുകളും പരിസരങ്ങളും പരിശോധിക്കുന്നതിനും പരിശോധിപ്പിക്കുന്നതിനും.

74സി. അക്കാദമിക സ്വയംഭരണാധികാരം നൽകുന്ന തീയതി പ്രാബല്യത്തിൽ വരുന്ന ദിവസം.—ഈ അദ്ധ്യായത്തിൻകീഴിൽ അക്കാദമിക സ്വയംഭരണാധികാരത്തിനു വേണ്ടി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷിക്കുന്നതിനായി അധികാരപ്പെടുത്തപ്പെട്ട ഒരു അഫിലിയേറ്റഡ് കോളേജ്, അതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ തീയതി മുതൽ സർവ്വകലാശാലയുടെ ഒരു സ്വയംഭരണ കോളേജായി കരുതപ്പെടേണ്ടതാണ്.

74ഡി. ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ.—(1) ഒരു സ്വയംഭരണ കോളേജിലെ അധികാരസ്ഥാനങ്ങൾ താഴെ പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(i) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ;

(ii) ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസ് ;

(iii) ഗവേണിംഗ് കൗൺസിൽ.

(2) ഈ ആക്റ്റിലോ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ ഓർഡിനൻസുകളിലോ റെഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണം നൽകുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, നടപടി പ്രക്രിയകൾ, അംഗീകാരം, ഒരു സ്വയംഭരണ കോളേജിലെ അധികാര സ്ഥാനങ്ങളുടെ രൂപീകരണം, അവരുടെ അധികാരങ്ങൾ, ഒരു സ്വയംഭരണ കോളേജിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കൈകാര്യം ചെയ്യേണ്ടതാണ്.

(3) സർവ്വകലാശാലയുടെ നിലവിലുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ട്, റെഗുലേഷൻ, ഓർഡിനൻസുകൾ എന്നിവയിലെ ഏതെങ്കിലും വ്യവസ്ഥ ഈ അദ്ധ്യായത്തിലെ ഏതെങ്കിലും വ്യവസ്ഥയുമായി പൊരുത്തമില്ലാത്തതോ അതിപ്രഭാവമോ വൈരുദ്ധ്യമോ ഉള്ളതോ ആണെന്ന തർക്കമുണ്ടാകുന്നപക്ഷം, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

74ഇ. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ.—(1) ഓരോ സ്വയംഭരണ കോളേജിനും ഒരു അക്കാദമിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രിൻസിപ്പാൾ, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് ;

(ബി) കോളേജിലെ എല്ലാ വകുപ്പ് മേധാവികളും ;

(സി) സർക്കാർ കോളേജുകളുടെ കാര്യത്തിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറും, സർക്കാർ കോളേജല്ലാത്ത ഒരു കോളേജിന്റെ കാര്യത്തിൽ മാനേജരും, നാമനിർദ്ദേശം ചെയ്യുന്ന, അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിവിധ വകുപ്പുകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിലെ നാല് അദ്ധ്യാപകർ ;

(ഡി) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, വ്യവസായം, വാണിജ്യം, നിയമം, വിദ്യാഭ്യാസം, വൈദ്യശാസ്ത്രം, എഞ്ചിനീയറിംഗ്, ഭരണ നിർവ്വഹണം, ധനകാര്യം തുടങ്ങിയവ പോലുള്ള മേഖലകളെ പ്രതിനിധാനം ചെയ്യുന്ന, കോളേജിനു പുറത്തു നിന്നുള്ള നാലിൽ കുറയാത്ത വിദഗ്ദ്ധർ ;

(ഇ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത, വിദ്യാഭ്യാസ വിചക്ഷണരായ, സർവ്വകലാശാല നാമനിർദ്ദേശം ചെയ്ത മൂന്ന് പേർ ;

(എഫ്) കോളേജിലെ അദ്ധ്യാപകർക്കിടയിൽ നിന്നും പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം, അദ്ദേഹം സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരംഗം രണ്ട് വർഷക്കാലമോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമയത്ത് അദ്ദേഹം കോളേജിലെ ഒരു അദ്ധ്യാപകനാണെങ്കിൽ അദ്ദേഹത്തിന്റെ വിരമിക്കൽ തീയതി വരെയോ, ഏതാണോ അവസാനം, അതുവരെ ഉദ്യോഗം വഹിക്കേണ്ടതും പുനഃനാമനിർദ്ദേശത്തിന് അർഹനായിരിക്കുന്നതുമാണ്.

(4) സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാൾ സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ ഒരു യോഗം വർഷത്തിൽ ഒരിക്കലെങ്കിലും വിളിച്ചു കൂട്ടേണ്ടതാണ്.

74 എഫ്. സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺലിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) പഠന കോഴ്സുകൾ, അക്കാദമിക റെഗുലേഷനുകൾ, പാഠ്യപദ്ധതി, സിലബസും അതിന്റെ പരിഷ്കരണങ്ങളും, ബോധനത്തിനും മൂല്യനിർണ്ണയത്തിനും ഉള്ള ക്രമീകരണങ്ങൾ, സമ്പ്രദായങ്ങളും അതിനോടനുബന്ധിച്ച പ്രസക്തമായ നടപടിക്രമങ്ങളും സംബന്ധിച്ച സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ നിർദ്ദേശങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും അവ ഭേദഗതികളോടെയോ അല്ലാതെയോ അംഗീകരിക്കുകയും ചെയ്യുക :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഏതെങ്കിലും പഠന ബോർഡ് സമർപ്പിച്ച ഏതെങ്കിലും നിർദ്ദേശങ്ങളിൽ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ഭിന്നാഭിപ്രായം ഉണ്ടാവുകയാണെങ്കിൽ, അതിന്, ആയതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, അത് നിരാകരിക്കുകയോ അല്ലെങ്കിൽ സ്വയംഭരണ കോളേജിന്റെ

പഠന ബോർഡിന് അതിന്റെ അഭിപ്രായം സഹിതം പുനഃപരിഗണനയ്ക്കായി തിരികെ നൽകുകയോ ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, നിർദ്ദേശങ്ങൾ തിരികെ നൽകുകയും പഠന ബോർഡ് ആ നിർദ്ദേശം നിർദ്ദിഷ്ട ഭേദഗതികളോടെയോ അല്ലാതെയോ കോളേജിലെ അക്കാദമിക കൗൺസിലിന് വീണ്ടും സമർപ്പിക്കുകയാണെങ്കിൽ, അക്കാദമിക കൗൺസിൽ ആ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടതാണ്.

(ii) സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾക്കും ഉപാധികൾക്കും വിധേയമായി കോളേജിലെ വിവിധ പഠന പദ്ധതികളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സംബന്ധിച്ച് അക്കാദമിക റെഗുലേഷനുകൾ ഉണ്ടാക്കുക;

(iii) പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടിയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും കോളേജിൽ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ വിലയിരുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ഉപദേശക പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഉള്ള നടപടികൾ ആരംഭിക്കുക ;

(iv) ഗവേഷണത്തിനും അഭിവൃദ്ധിക്കും അറിവ് പ്രചരിപ്പിക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുക ;

(v) പുതിയ പാഠ്യ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ഏത് നിർദ്ദേശവും ഗവേണിംഗ് കൗൺസിലിന് ശിപാർശ ചെയ്യുക ;

(vi) സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, ഫെലോഷിപ്പുകൾ, പാരിതോഷികങ്ങൾ, മെഡലുകൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിനോട് ശിപാർശ ചെയ്യുകയും ആയത് നൽകുന്നതിനുള്ള റെഗുലേഷനുകൾ ഉണ്ടാക്കുകയും ചെയ്യുക ;

(vii) അക്കാദമിക കാര്യങ്ങളുമായി ബന്ധപ്പെട്ട, ഗവേണിംഗ് കൗൺസിൽ നൽകിയ നിർദ്ദേശങ്ങളിന്മേൽ അതിനെ ഉപദേശിക്കുക ;

(viii) ഗവേണിംഗ് കൗൺസിൽ അതിന് ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അക്കാദമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുക.

74ജി. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡ്.—(1) ഓരോ സ്വയംഭരണ കോളേജും ആ കോളേജ് നടത്തുന്ന കോഴ്സുകളിലെയോ അല്ലെങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകളിലെയോ ഓരോ പഠന വിഷയത്തിനോ അല്ലെങ്കിൽ ഒരു കൂട്ടം വിഷയങ്ങൾക്കോ വേണ്ടി അതിന്റേതായ ഒരു പഠനബോർഡ് രൂപീകരിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ, ഈ ആവശ്യത്തിലേക്കായി, സ്വയംഭരണ കോളേജിന്റെ ഒരു പഠനബോർഡിന് കീഴിൽ കൊണ്ടുവരേണ്ട വിഷയങ്ങളും രൂപീകരിക്കേണ്ടതായ അത്തരം പഠനബോർഡുകളുടെ എണ്ണവും നിശ്ചയിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്ത വകുപ്പ് തലവൻ, അയാൾക്ക് പി.എച്ച്.ഡി. ഉണ്ടെങ്കിൽ, ആ ബോർഡ് ഓഫ് സ്റ്റഡീസിന്റെ വിഷയങ്ങളിൽ ഉൾപ്പെട്ടുവരുന്ന വിഷയങ്ങളിലുള്ള വകുപ്പുതലവൻമാരിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ് :

എന്നാൽ, അത്തരം ഒരു വകുപ്പ് തലവന്റെ അഭാവത്തിൽ ആ പഠനബോർഡിലുൾപ്പെടുന്ന വിഷയത്തിൽ പി.എച്ച്.ഡി.യുള്ള, അസ്സോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും, സർക്കാർ കോളേജുകളുടെ കാര്യത്തിൽ സർക്കാരും മറ്റു കോളേജുകളുടെ കാര്യത്തിൽ പ്രിൻസിപ്പാളും നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപകൻ, ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, സർക്കാരോ അല്ലെങ്കിൽ പ്രിൻസിപ്പാളോ, അതത് സംഗതിപോലെ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളും ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ മികവിന് പ്രധാന പരിഗണന നൽകേണ്ടതാണ്.

(ബി) പഠനബോർഡിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ വിവിധ വൈദഗ്ദ്ധ്യ മേഖലകളിൽ നിന്ന്, പ്രിൻസിപ്പാൾ കണ്ടെത്തുന്ന ആ പഠന ബോർഡിലുൾപ്പെട്ടു വരുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ തലവനുമായി കൂടിയാലോചിച്ച്, പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന പി.എച്ച്.ഡി. ഉള്ള ആറിൽ കൂടാത്ത അദ്ധ്യാപകരും :

എന്നാൽ, അദ്ധ്യാപകരെ നാമനിർദ്ദേശം ചെയ്യുമ്പോൾ, അത്തരം അദ്ധ്യാപകരുടെ ഗവേഷണവും പ്രസിദ്ധീകരണങ്ങളുമുൾപ്പെടെയുള്ള അക്കാദമിക മികവിന് പ്രിൻസിപ്പാൾ പ്രധാന പരിഗണന നൽകേണ്ടതാണ് ;

(സി) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, കോളേജിന് പുറത്തുനിന്നുമുള്ള ആ വിഷയത്തിലെ രണ്ട് വിദഗ്ദ്ധർ ;

(ഡി) പ്രിൻസിപ്പാൾ ശിപാർശ ചെയ്ത ആറ് വിദഗ്ദ്ധരുടെ പാനലിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ദ്ധൻ ;

(ഇ) വ്യവസായം, കോർപ്പറേറ്റ് മേഖല അല്ലെങ്കിൽ പ്ലേസ്മെന്റ് സംബന്ധിച്ച അനുബന്ധ മേഖല എന്നിവയിൽ നിന്നുള്ള ഒരു പ്രതിനിധി വീതം ;

(എഫ്) പ്രിൻസിപ്പാൾ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയുടെ ബിരുദാനന്തര ബിരുദം പൂർത്തീകരിച്ച ഒരു സ്തുത്യർഹനായ പൂർവ്വ വിദ്യാർത്ഥി ;

(ജി) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ ചെയർമാന്, കോളേജിലെ പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി, അതാതു സമയങ്ങളിൽ, അക്കാദമിക കൂടിയാലോചനയുടെ ആവശ്യത്തിനുവേണ്ടി, സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ യോഗങ്ങളിലേക്ക് താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും പ്രത്യേക ക്ഷണിതാക്കളായി തെരഞ്ഞെടുക്കാവുന്നതാണ്, അതായത് :

(i) പ്രത്യേക പഠന കോഴ്സുകൾ ആസൂത്രണം ചെയ്യേണ്ടിവരുന്ന സമയങ്ങളിലെല്ലാം കോളേജിന് പുറത്തുനിന്നുള്ള വിദഗ്ദ്ധർ ;

(ii) കോളേജിലെ മറ്റ് അദ്ധ്യാപകർ.

(3) ഒരു സ്വയംഭരണ കോളേജിലെ പഠന ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതാണ്.

(4) സ്വയംഭരണ കോളേജിന്റെ പഠന ബോർഡിന്റെ വ്യത്യസ്ത വകുപ്പുകളുടെ യോഗത്തിനുള്ള സമയവിവര പട്ടിക കോളേജിന്റെ പ്രിൻസിപ്പാൾ തയ്യാറാക്കേണ്ടതാണ്.

(5) ആവശ്യമുള്ളപ്പോഴെല്ലാം യോഗം നടത്താവുന്നതും, എന്നാൽ, വർഷത്തിൽ കുറഞ്ഞത് അങ്ങനെയുള്ള ഒരു യോഗമെങ്കിലും നടത്തേണ്ടതുമാണ്.

(6) ഒരു സ്വയംഭരണകോളേജിന്റെ പഠന ബോർഡിന്റെ ക്വാറത്തിനായി മൂന്നിലൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(7) ചെയർമാന്റെ താൽക്കാലിക അഭാവത്തിൽ സീനിയോറിറ്റിയിൽ തൊട്ടടുത്ത അദ്ധ്യാപകൻ ചെയർമാനായി പ്രവർത്തിക്കേണ്ടതും പ്രിൻസിപ്പാളിന്റെ അഭ്യർത്ഥനയിൻമേൽ യോഗം വിളിച്ച് കൂട്ടേണ്ടതുമാണ്.

(8) ഒന്നിൽ കൂടുതൽ ബോർഡുകളെ ബാധിക്കുന്ന ഏതെങ്കിലും അക്കാദമിക കാര്യം കൈകാര്യം ചെയ്യേണ്ടുന്ന സംഗതിയിൽ, ആവശ്യമാണെന്ന് പ്രിൻസിപ്പാൾ കരുതുന്നപക്ഷം സ്വയംഭരണ കോളേജിന്റെ രണ്ടോ അതിലധികമോ പഠനബോർഡുകളുടെ ഒരു കൂട്ടായ യോഗം വിളിച്ചുകൂട്ടാവുന്നതും, അങ്ങനെയുള്ള കൂട്ടായ യോഗത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാൻ അങ്ങനെയുള്ള യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

74എച്ച്. ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന്റെ അധികാരങ്ങളും ചുമതലകളും.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു സ്വയംഭരണ കോളേജിന്റെ പഠനബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെ അംഗീകാരത്തോടുകൂടി കോളേജിന്റെ ലക്ഷ്യങ്ങളും, ഗുണഭോക്താക്കളുടെ താൽപ്പര്യവും ദേശീയ ആവശ്യവും കണക്കിലെടുത്തുകൊണ്ട് വിവിധ അക്കാദമിക കാര്യങ്ങൾക്കുള്ള പാഠ്യപദ്ധതികൾ തയ്യാറാക്കുക :

എന്നാൽ, അക്കാദമിക കാര്യങ്ങൾക്കുള്ള നിർദ്ദേശം, അക്കാദമിക കാര്യപരിപാടികൾക്കായി സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള കാലാവധി, ക്രഡിറ്റുകളുടെ

എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡ് സമ്പ്രദായം ഏതെങ്കിലുമുണ്ടെങ്കിൽ, അതുമായി വേണ്ടവിധത്തിൽ യോജിക്കുന്നുണ്ടെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പു വരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, ആ നിർദ്ദേശം, സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള അക്കാദമിക നിലവാരത്തെ തരംതാഴ്ത്തുന്ന വിധത്തിൽ ആകുകയില്ലെന്ന് സ്വയംഭരണ കോളേജിന്റെ പഠനബോർഡ് ഉറപ്പുവരുത്തേണ്ടതാണ് ;

(ii) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും റഫറൻസിനായി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഉചിതമായി കൈകാര്യംചെയ്യുന്ന പുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ആവശ്യമുള്ളപ്പോഴെല്ലാം പാഠപുസ്തകങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക ;

(iii) നൂതനമായ അദ്ധ്യാപനത്തിനും മൂല്യനിർണ്ണയ സമ്പ്രദായത്തിനും വേണ്ടിയുള്ള പ്രവർത്തന സമ്പ്രദായങ്ങൾ നിർദ്ദേശിക്കുക ;

(iv) സ്വയംഭരണ കോളേജിന്റെ പരീക്ഷാമേൽനോട്ടക്കാരുടെ നിയമനത്തിനു വേണ്ടിയുള്ള പേരുകൾ ഉൾക്കൊള്ളുന്ന പട്ടിക അക്കാദമിക കൗൺസിലിന് നിർദ്ദേശിക്കുകയും ; കൂടാതെ

(v) വകുപ്പിലോ കോളേജിലോ ഉള്ള ഗവേഷണം, അദ്ധ്യയനം, വിപുലീകരണം മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.

74ഐ. <u>ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം.</u>—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന് ഓരോ സർക്കാർ സ്വയംഭരണ കോളേജിനുവേണ്ടിയും സർക്കാർ ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) ഒരു സർക്കാർ സ്വയംഭരണ കോളേജിലെ ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ കാര്യമായ അനുഭവജ്ഞാനമുള്ള പ്രശസ്തനായ ഒരു ശ്രേഷ്ഠ വ്യക്തി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് :

എന്നാൽ, ഏതെങ്കിലും യോഗത്തിൽ ചെയർമാൻ ഹാജരില്ലാത്ത പക്ഷം സർക്കാരിന് (ബി) ഇനത്തിൽ സൂചിപ്പിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ ഗവേണിംഗ് കൗൺസിലിന്റെ ആ യോഗത്തിന്റെ ചെയർമാനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ് ;

(ബി) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെയോ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

(സി) കോളേജിലെ വ്യത്യസ്ത വകുപ്പുകളിൽ നിന്ന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് രണ്ട് വർഷക്കാലയളവിലേക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്ഡി. ഉള്ള മൂന്ന് അദ്ധ്യാപകർ ;

(ഡി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

(3) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, കോളേജിന്റെ നിർവ്വാഹക നികായമായി പ്രവർത്തിക്കുന്നതിന്, ഒരു സർക്കാർ കോളേജല്ലാത്ത സ്വയംഭരണ കോളേജിന്റെ മാനേജിംഗ് കൗൺസിൽ അതിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓരോ സ്വയംഭരണ കോളേജിന് വേണ്ടിയും ഒരു ഗവേണിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(4) സർക്കാർ കോളേജല്ലാത്ത ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) മാനേജർ നാമനിർദ്ദേശം ചെയ്ത ഒരാൾ, അദ്ദേഹം സീനിയറും അക്കാദമിക സംബന്ധമായ കാര്യങ്ങളിൽ മതിയായ അനുഭവജ്ഞാനമുള്ളതുമായ ആൾ ആയിരിക്കേണ്ടതാണ്, അദ്ദേഹം ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) അസോസിയേറ്റ് പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതും ഊഴമനുസരിച്ച് മാനേജർ നാമനിർദ്ദേശം ചെയ്യുന്നതുമായ ആ കോളേജിലെ വ്യത്യസ്ത വകുപ്പുകളിലെ സീനിയറായ മൂന്ന് അദ്ധ്യാപകർ;

(സി) സർവ്വകലാശാല നാമനിർദ്ദേശം ചെയ്തതും പ്രൊഫസറുടെ പദവിയിൽ താഴെയല്ലാത്തതുമായ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(ഡി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്ത്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(എഫ്) കോളേജിന്റെ പ്രിൻസിപ്പാൾ, അദ്ദേഹം ഗവേണിംഗ് കൗൺസിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി ആയിരിക്കുന്നതാണ്.

74ജെ. ഗവേണിംഗ് കൗൺസിലിന്റെ ഉദ്യോഗ കാലാവധി.—ഗവേണിംഗ് കൗൺസിലിന്റെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി രണ്ട് വർഷമായിരിക്കുന്നതും മറ്റൊരു രണ്ട് വർഷ കാലയളവിലേക്ക് പുനർനാമനിർദ്ദേശത്തിന് അർഹരായിരിക്കുന്നതുമാണ് :

എന്നാൽ, ഒരേ വ്യക്തി നാല് വർഷ കാലയളവിന് ഉപരിയായി നാമനിർദ്ദേശത്തിന് അർഹനല്ലാത്തതാകുന്നു.

74കെ. ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് മൂന്ന് പ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതാണ്.

(2) തുടർന്നുവരുന്ന യോഗങ്ങൾ തമ്മിലുള്ള ഇടവേള യാതൊരു കാരണവശാലും നാല് മാസത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(3) മൂന്നിലൊന്ന് അംഗങ്ങളുടെ രേഖാമൂലമുള്ള അപേക്ഷയിൻമേലോ അല്ലെങ്കിൽ സ്വയംഭരണാധികാര അംഗീകാര സമിതിയുടെ നിർദ്ദേശത്തിൻമേലോ കുറഞ്ഞത് ഏഴ് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഗവേണിംഗ് കൗൺസിലിന് അടിയന്തിര യോഗങ്ങൾ വിളിച്ചുചേർക്കാവുന്നതാണ്.

(4) യോഗത്തിന്റെ ക്വാറം അതത് സമയത്ത് നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

74എൽ. ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—അതതു സ്വയംഭരണ കോളേജുകളിലെ ബൈലോകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും സംസ്ഥാന സർക്കാരും സർവ്വകലാശാലയും പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(i) ബിരുദങ്ങളും ഡിപ്ലോമകളും നൽകുന്ന പുതിയ പഠന പദ്ധതികൾ ഏർപ്പെടുത്തുന്നതിനെ അംഗീകരിക്കുകയും സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയും ചെയ്യുക ;

(ii) ഓരോ കോഴ്സിനും പരീക്ഷ നടത്തുകയും ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുക ;

(iii) ബിരുദമോ ഡിപ്ലോമയോ, അതതു സംഗതി പോലെ, നൽകുന്നതിനുവേണ്ടി ശിപാർശ ചെയ്ത് പരീക്ഷാഫലങ്ങൾ സർവ്വകലാശാലയിലേക്ക് അയയ്ക്കുക ;

(iv) വിദ്യാർത്ഥികൾക്കുള്ള മാർക്ക്ലിസ്റ്റ് നൽകുന്നത് അംഗീകരിക്കുക ;

(v) സ്വയംഭരണാധികാരമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസും മറ്റ് ചെലവുകളും സർക്കാരിന്റെ സമ്മതത്തോടെ നിശ്ചയിക്കുക :

എന്നാൽ, എയ്ഡഡ് കോഴ്സുകളുടെയും, എയ്ഡഡ് കോഴ്സുകളിൽ നിന്നും പുനരാവിഷ്കരിച്ച കോഴ്സുകളുടെയും സംഗതിയിൽ ഫീസ് സർക്കാർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കേണ്ടതാണ് ;

(vi) സ്വയംഭരണ കോളേജിലെ അക്കാദമിക കൗൺസിലിന്റെ ശിപാർശയിന്മേൽ സ്കോളർഷിപ്പുകളും ഫെല്ലോഷിപ്പുകളും സ്റ്റുഡൻസ്ഷിപ്പുകളും മെഡലുകളും സർട്ടിഫിക്കറ്റുകളും ഏർപ്പെടുത്തുക ;

(vii) സ്പോർട്സ്, പാഠ്യേതര പ്രവർത്തനങ്ങൾ, ഹോസ്റ്റലുകളുടെയും കളിസ്ഥലങ്ങളുടെയും ശരിയായ പരിപാലനവും പ്രവർത്തനവും എന്നിവയ്ക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുക ;

(viii) സ്വയംഭരണ കോളേജുകളുടെ ശരിയായ വികസനത്തിനും സ്വയം ഭരണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടി ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള സമിതികൾ രൂപീകരിക്കുകയും അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

74എം. സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള നടപടിക്രമം.—(1) സ്വയംഭരണ അംഗീകാര സമിതി (2)-ാം ഉപവകുപ്പിൻ കീഴിൽ അർഹതയുള്ള കോളേജുകളെന്ന് അപ്രകാരം തരംതിരിക്കപ്പെട്ട കോളേജുകളിൽ നിന്ന് എല്ലാവർഷവും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കേണ്ടതാണ്.

(2) സ്വയംഭരണാധികാരം അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനു വേണ്ടി അർഹതയുള്ള കോളേജുകളായി കോളേജുകളുടെ വിഭാഗങ്ങളെ സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതും, അവ സർക്കാർ കോളേജോ, അൺ എയ്ഡഡ് കോളേജോ, അൺ എയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജോ ആകാവുന്നതും, അങ്ങനെയുള്ള ഏത് വിഭാഗങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അർഹതയുടെ മാനദണ്ഡം, ഏത് ഫാറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്, അപേക്ഷയുടെ കൂടെ ആവശ്യമായ രേഖകൾ എന്നിവയും കൂടാതെ, സ്വയംഭരണ അംഗീകാര സമിതി അവശ്യമെന്ന് കരുതുന്ന മറ്റ് വിവരങ്ങളും സ്വയംഭരണ അംഗീകാര സമിതി വ്യക്തമാക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു മാനദണ്ഡവും സ്വയംഭരണാധികാര പദവി നൽകുവാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിലവാരം കുറയ്ക്കുന്ന തരത്തിലുള്ളതാവാൻ പാടുള്ളതല്ല.

(3) സ്വയംഭരണ അംഗീകാര സമിതി അർഹതയുള്ള കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിറവേറ്റുന്ന കോളേജുകളിൽ നിന്നുള്ളവ സ്വീകരിക്കേണ്ടതുമാണ്.

(4) കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും സ്വയംഭരണാധികാരം അനുവദിക്കുന്നതിന് പ്രസക്തമായ, കോളേജിലെ രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി സ്വയംഭരണ അംഗീകാര സമിതിക്ക് അവർക്കിടയിൽ നിന്നും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദഗ്ദ്ധരായിട്ടുള്ളവരുടെ ഒരു സമിതിയോ അല്ലെങ്കിൽ അതിന് യുക്തമെന്നു കരുതുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയോ രൂപീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സമിതിക്ക് കോളേജിന്റെ പരിസരത്തും അതിന്റെ കെട്ടിടത്തിലും പ്രവേശിക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള പരിശോധനയ്ക്കുള്ള സൗകര്യം ചെയ്തുകൊടുക്കാൻ കോളേജ് ബാദ്ധ്യസ്ഥമായിരിക്കുന്നതും അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖകളും സമിതിക്ക് നൽകേണ്ടതുമാണ്.

(6) ഈ വകുപ്പിൻ കീഴിൽ സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ച സമിതിക്ക്, സ്വയംഭരണ അംഗീകാര സമിതി നിർണ്ണയിച്ചിട്ടുള്ള അർഹതയ്ക്കുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനു വേണ്ടി കോളേജിന്റെ പ്രിൻസിപ്പാളിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(7) അപേക്ഷ സമർപ്പിച്ച ഒരു കോളേജ് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം പാലിച്ചിട്ടുണ്ടെന്ന് സ്വയംഭരണ അംഗീകാര സമിതിക്ക് തന്നെ ബോധ്യപ്പെടുന്ന സംഗതിയിൽ അത് കോളേജിന് സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അതിന്റെ ശിപാർശ വൈസ്-ചാൻസലർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ശിപാർശ ലഭിച്ചാൽ, വൈസ് ചാൻസലർക്ക് വിവരം ലഭിച്ച് പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള സർവ്വകലാശാലയുടെ ഉദ്യോഗസ്ഥന്റെ മുദ്രയോടു കൂടി, സ്വയംഭരണാധികാരം അനുവദിക്കുന്നതിനുള്ള അപേക്ഷ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അയച്ചുകൊടുക്കേണ്ടതാണ്.

74എൻ. പരീക്ഷകളുടെ നടത്തിപ്പ്.—(1) സ്വയംഭരണ കോളേജിന്റെ പരീക്ഷാ കൺട്രോളറായി, ഒരു സർക്കാർ കോളേജിലോ ഒരു അൺ എയ്ഡഡ് കോളേജ് അല്ലാത്ത ഒരു കോളേജിലോ ബിരുദാനന്തര പഠനം നൽകിവരുന്ന ഒരു വകുപ്പിന്റെ തലവനായി രണ്ടുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം ഉള്ള ഒരാളെ, സർക്കാർ സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ സർക്കാരും സർക്കാർ കോളേജുകളല്ലാത്ത സ്വയംഭരണ കോളേജുകളുടെ കാര്യത്തിൽ മാനേജരും, നിയമിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ഒരാൾ സർവ്വകലാശാലയോ സംസ്ഥാനത്തെ മറ്റേതെങ്കിലും സർവ്വകലാശാലകളോ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഏതെങ്കിലും നടത്തിപ്പിന്റെ ലംഘനത്തിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടതിനോ അയോഗ്യനാക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാവാൻ പാടില്ലാത്തതാണ്.

(2) സർവ്വകലാശാല നൽകുന്ന ഡിപ്ലോമയോ ബിരുദമോ നൽകുന്നതിലേക്കുള്ള എല്ലാ പരീക്ഷകളും പരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

(3) സ്വയംഭരണ കോളേജിലെ പരീക്ഷാനടത്തിപ്പിനായി, സ്വയംഭരണാധികാരം അനുവദിച്ചതുമുതൽ മൂന്നുമാസത്തിനുള്ളിലോ അല്ലെങ്കിൽ ആദ്യ പരീക്ഷകൾ നടത്തുന്നതിന് ആറ് മാസം മുൻപോ, ഇവയിൽ ഏതാണോ ആദ്യം അതിനുള്ളിൽ, ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിൽ ഒരു പരീക്ഷാ മാന്വൽ ഉണ്ടാക്കേണ്ടതാണ്.

(4) പരീക്ഷാ മാന്വൽ താഴെപ്പറയുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരിക്കേണ്ടതാണ്, അതായത് : —

(എ) പരീക്ഷകൾ നടത്തുന്നതിന്റെ ചുമതലകളും അതിന്റെ മേൽനോട്ടവും പരീക്ഷകളുടെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ആ ആവശ്യത്തിനായി നിയോഗിക്കപ്പെട്ട ആളുകൾക്ക് പ്രത്യേകമായി ഏൽപ്പിച്ചുകൊടുക്കേണ്ടതും അവരുടെ ജോലികൂടി വ്യക്തമാക്കേണ്ടതുമാണ് ;

(ബി) ചോദ്യങ്ങൾ ഉണ്ടാക്കുക, മൂല്യനിർണ്ണയം, നിരീക്ഷണം എന്നീ പ്രക്രിയകളിലെ സ്വാതന്ത്ര്യം നിലനിർത്തേണ്ടതാണ് ;

(സി) പരീക്ഷാനടപടികളുടെ സത്യസന്ധത ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ സംരക്ഷണ സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(ഡി) നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള തരത്തിലുള്ളതും അങ്ങനെയുള്ള പരമാവധി ശിക്ഷയ്ക്കും വിധേയമായി പരീക്ഷാമാന്വലിന്റെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുന്ന സംഗതിയിൽ പരീക്ഷാനടത്തിപ്പിനു ഉത്തരവാദപ്പെട്ട ഏതെങ്കിലും വ്യക്തിയ്ക്ക് നൽകാവുന്ന പര്യാപ്തമായ ശിക്ഷകൾ ഉണ്ടായിരിക്കേണ്ടതാണ് :

എന്നാൽ, പരീക്ഷാമാന്വൽ ഉണ്ടാക്കുന്നതിൽ, സർവ്വകലാശാലയുടെ പരീക്ഷാമാന്വലിൽ ഉള്ള സംരക്ഷണ വ്യവസ്ഥകൾ തന്നെ, കഴിയുന്നിടത്തോളം, കോളേജുകളുടെ പരീക്ഷ നടത്തുന്നതിനായി പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു സ്വയംഭരണ കോളേജ് ഉറപ്പുവരുത്തേണ്ടതാണ് :

എന്നുമാത്രമല്ല, പരീക്ഷാനടപടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള അഭിപ്രായങ്ങൾക്കും തിരുത്തലുകൾക്കുമായി പരീക്ഷാമാന്വൽ ഒരു സ്വയംഭരണ കോളേജ് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അഭിപ്രായം ലഭിക്കുമ്പോൾ കഴിയുന്നിടത്തോളം അവ പരീക്ഷാമാന്വലിൽ ഉൾപ്പെടുത്തേണ്ടതും നിർദ്ദേശങ്ങളിൽ ഏതെങ്കിലും പാലിക്കാൻ സാധിക്കാതെ വരുന്നതിന്റെ കാരണങ്ങൾ സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

(5) മാർക്ക്‌ലിസ്റ്റുകൾ നൽകുന്നത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിന്റെയും സ്വയംഭരണ കോളേജിന്റെ പരീക്ഷാകൺട്രോളറുടെയും പേരുകളിലും മുദ്രകളോടെയും സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള ഒരു രൂപഘടനയോട് യോജിക്കുന്ന രീതിയിൽ മാർക്ക്‌ലിസ്റ്റ് നൽകേണ്ടതാണ്.

74ഒ. <u>ബിരുദങ്ങൾ നൽകൽ</u>.—(1) സ്വയംഭരണ കോളേജ് വിലയിരുത്തുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള ബിരുദങ്ങളും ഡിപ്ലോമകളും പദവികളും സർട്ടിഫിക്കറ്റുകളും മറ്റ് അക്കാദമിക ബഹുമതികളും സർവ്വകലാശാല അതിനായി നിർണ്ണയിച്ചേക്കാവുന്ന ന്യായമായ ഫീസ് ഈടാക്കിയശേഷം സർവ്വകലാശാല നൽകേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള ബിരുദം, ഡിപ്ലോമ, പദവി അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല നിർണ്ണയിച്ചിട്ടുള്ള പൊതുവായ ഒരു രൂപഘടനയിൽ ആയിരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, ഒരു സ്വയംഭരണ കോളേജിന്റെ പേര് അങ്ങനെയുള്ള കോളേജ് അതിനായി അപേക്ഷിക്കുന്നപക്ഷം, ബിരുദം, ഡിപ്ലോമ, പദവി, സർട്ടിഫിക്കറ്റ്, മററ് അക്കാദമിക ബഹുമതികൾ എന്നിവ നൽകിക്കൊണ്ടുള്ള സർട്ടിഫിക്കറ്റിൽ കാണിക്കേണ്ടതാണ്.

(2) ഒരു സ്വയംഭരണാധികാര കോളേജിൽനിന്നും ശിപാർശ ലഭിച്ച് നാൽപ്പത്തിയഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവ്വകലാശാല ബിരുദം, ഡിപ്ളോമ, പദവി അല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

74പി. സ്വയംഭരണ കോളേജുകളിന്മേൽ സർവ്വകലാശാലയ്ക്കുള്ള അധികാരങ്ങൾ .—(1) ഈ അദ്ധ്യായത്തിലുള്ള വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ബൈലാകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും വിധേയമായി, സർവ്വകലാശാലയ്ക്ക്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ റെഗുലേഷനുകൾ എന്നിവ പ്രകാരം സർവ്വകലാശാലയിലെ ഏതെങ്കിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ബാധകമാകുന്ന മറ്റെല്ലാ അധികാരങ്ങളും സ്വയംഭരണ കോളേജുകളുടെമേലും ഉണ്ടായിരിക്കുന്നതാണ്.

(2) സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിൽ ഏതെങ്കിലും അക്കാദമിക പദ്ധതി അംഗീകരിക്കുകയും സർവ്വകലാശാലയിലേക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്ന സംഗതിയിൽ, വൈസ്-ചാൻസലർ ആ നിർദ്ദേശം സർവ്വകലാശാലയുടെ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ് മുമ്പാകെ വയ്പിക്കേണ്ടതാണ് :

എന്നാൽ, നിർദ്ദേശിച്ച അക്കാദമിക പദ്ധതി സംബന്ധിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലാത്തപക്ഷം, ആ ആവശ്യത്തിലേക്കായി സർവ്വകലാശാല ഒരു ബോർഡ് ഓഫ് സ്റ്റഡീസോ ഒരു വിദഗ്ദ്ധസമിതിയോ രൂപീകരിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അങ്ങനെ നിയമിക്കുന്ന വിദഗ്ദ്ധ സമിതിയിൽ സർവ്വകലാശാലയ്ക്ക് സമർപ്പിച്ച അക്കാദമിക പദ്ധതിയുടെ ന്യായവും വസ്തുനിഷ്ഠവുമായ വിലയിരുത്തൽ സാധ്യമാക്കാൻ വേണ്ടത്ര എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) നിർദ്ദേശം ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം, അതതു സംഗതിപോലെ, ബോർഡ് ഓഫ് സ്റ്റഡീസ് അല്ലെങ്കിൽ വിദഗ്ദ്ധ സമിതി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കാദമിക പദ്ധതിക്കുവേണ്ടി അത് പരിഗണിക്കേണ്ടതും ആയത് അംഗീകരിക്കുകയോ നിരസിക്കുകയോ അഭിപ്രായ സഹിതം വൈസ്-ചാൻസലർക്ക് മടക്കി അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് :

എന്നാൽ, ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിൽനിന്നും ലഭിച്ച നിർദ്ദേശം സർവ്വകലാശാല നേരത്തെതന്നെ നിർണ്ണയിച്ച അക്കാദമിക പദ്ധതിക്കുവേണ്ടിയുള്ള കാലയളവ്, ക്രഡിറ്റുകളുടെ എണ്ണം, മൂല്യനിർണ്ണയം, ഗ്രേഡിംഗ് സമ്പ്രദായം എന്നിവയുമായി പൊരുത്തപ്പെടുന്നില്ല എന്നോ അല്ലെങ്കിൽ ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശം, രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ, അക്കാദമിക നിലവാരം കുറയാൻ ഇടവരുത്തുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസിനോ വിദഗ്ദ്ധ സമിതിക്കോ തോന്നുന്നു എന്നോ ഉള്ള കാരണത്താൽ മാത്രമേ അങ്ങനെ നിരസിക്കാൻ പാടുള്ളു :

എന്നുമാത്രമല്ല, നിർദ്ദേശം സർവ്വകലാശാലയ്ക്ക് സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസത്തിനകം നിർദ്ദേശം സമർപ്പിച്ച സ്വയംഭരണ കോളേജിനെ തീരുമാനം അറിയിക്കാത്തപക്ഷം ആ നിർദ്ദേശം സർവ്വകലാശാല അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(4) ബോർഡ് ഓഫ് സ്റ്റഡീസോ വിദഗ്ദ്ധസമിതിയോ ആ നിർദ്ദേശം ഒരു സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് അയയ്ക്കുന്നതിനുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള അഭിപ്രായം സഹിതം ആയത് വൈസ്-ചാൻസലർക്ക് തിരിച്ചയയ്ക്കുന്ന സംഗതിയിൽ അങ്ങനെയുള്ള അഭിപ്രായം ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഗവേണിംഗ് കൗൺസിലിന് അതിന്റെ അഭിപ്രായം സഹിതം ആ നിർദ്ദേശം വീണ്ടും സർവ്വകലാശാലയ്ക്ക് സമർപ്പിക്കാവുന്നതാണ്.

(5) ബോർഡ് ഓഫ് സ്റ്റഡീസ്, അതിനുശേഷം മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതും ആയത് വൈസ്-ചാൻസലർ കോളേജിന്റെ ഗവേണിംഗ് കൗൺസിലിനെ അറിയിക്കേണ്ടതുമാണ് :

എന്നാൽ, ഇതുസംബന്ധിച്ച തീരുമാനം, സർവ്വകലാശാലയ്ക്ക് വീണ്ടും നിർദ്ദേശം സമർപ്പിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, ആ നിർദ്ദേശം വീണ്ടും സമർപ്പിച്ച സ്വയംഭരണ കോളേജിനെ അറിയിക്കാത്തപക്ഷം, സർവ്വകലാശാല ആ നിർദ്ദേശം അംഗീകരിച്ചതായി കരുതപ്പെടേണ്ടതാണ്.

(6) അങ്ങനെയുള്ള എല്ലാ അംഗീകാരത്തിന്റെയോ നിരസിക്കലിന്റെയോ ഒരു പകർപ്പ് സ്വയംഭരണ അംഗീകാര സമിതിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(7) നിർദ്ദേശം അംഗീകരിക്കുവാനോ, നിരസിക്കുവാനോ ഉള്ള എല്ലാ തീരുമാനങ്ങളും സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതാണ് :

എന്നാൽ, തീരുമാനത്തോട് വിയോജിക്കുകയാണെങ്കിൽ, ആയതിന്റെ പുനഃപരിശോധനക്കായി സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന് ചാൻസലർ മുമ്പാകെ ഹർജി സമർപ്പിക്കാവുന്നതാണ്.

(8) നിരസിച്ചുകൊണ്ടുള്ള ഏതൊരു ഉത്തരവിനും എതിരെ സ്വയംഭരണ കോളേജിന്റെ ഗവേണിംഗ് കൗൺസിലിന് സ്വയംഭരണ അംഗീകാര സമിതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും അതിന്മേലുള്ള സ്വയംഭരണ അംഗീകാര സമിതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ, അങ്ങനെ ഫയൽ ചെയ്യുന്ന അപ്പീലുകളിന്മേൽ തീരുമാനത്തിൽ എത്തിച്ചേരുന്നതിലേക്കായി സ്വയംഭരണ അംഗീകാര സമിതിയെ ഉപദേശിക്കുന്നതിനായി, അതിന് യുക്തമെന്ന് തോന്നുന്നപക്ഷം വിദഗ്ദ്ധരുടെ ഒരു പാനലിനെ നിയമിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്വയംഭരണാധികാരം നൽകിയ ഒരു കോളേജ് അങ്ങനെ സ്വയംഭരണാധികാരം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള ഉപാധികൾ ലംഘിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുവാൻ സർവ്വകലാശാലയുടെ സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) (9)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും മുകളിൽപ്പറഞ്ഞ പരിശോധനയുടെ ആവശ്യത്തിന് കോളേജിലെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും സിൻഡിക്കേറ്റിന്, അവരുടെ ഇടയിൽനിന്നു തന്നെ ഈ മേഖലയിൽ വിദഗ്ദ്ധരായവരുടെയോ അല്ലെങ്കിൽ അതിനു യുക്തമെന്നു തോന്നുന്ന വിദഗ്ദ്ധരുടെ ഒരു സമിതിയെയോ രൂപീകരിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുളള വിദഗ്ദ്ധരെ വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ് :

എന്നുമാത്രമല്ല, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന, സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച പരാതികളിലോ സ്വയംഭരണത്തിന്റെ നിബന്ധനകളുടെ ലംഘനത്തെക്കുറിച്ചുള്ള രേഖാമൂലമുള്ള വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള അന്വേഷണം നടത്തുവാൻ പാടുള്ളു.

(11) സ്വയംഭരണാധികാരം ലഭിച്ച കോളേജിന്റെ പ്രതിനിധിക്ക് പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവും ആയ ഒരവസരം നൽകാതെ (10)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിച്ച സമിതി യാതൊരു റിപ്പോർട്ടും അന്തിമമാക്കുവാൻ പാടുള്ളതല്ല.

(12) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, കോളേജിനു നൽകിയ സ്വയംഭരണാധികാരം സസ്പെൻഡ് ചെയ്യുവാനോ റദ്ദാക്കുവാനോ വൈസ്-ചാൻസലർ മുഖേന സ്വയംഭരണ അംഗീകാര സമിതിയോട് സിൻഡിക്കേറ്റ് ശിപാർശ ചെയ്യേണ്ടതാണ്.

(13) ഒരു സ്വയംഭരണ കോളേജിനെ സംബന്ധിച്ച് രേഖാമൂലമുള്ള ഏതെങ്കിലും പരാതിയോ വിവരമോ സർക്കാരിന് ലഭിക്കുകയാണെങ്കിൽ, പരാതിയുടെ ഉള്ളടക്കവും അതിന്റെ പ്രാധാന്യവും യഥാവിധി പരിഗണിച്ചതിനുശേഷം സർക്കാരിന്, ആയത് സ്വയംഭരണ അംഗീകാര സമിതിക്ക് റഫർ ചെയ്യാവുന്നതാണ് :

എന്നാൽ, സ്വയംഭരണ പദവി അനുവദിക്കപ്പെട്ട കോളേജുകൾ സ്വീകരിച്ചുവരുന്ന സ്വയംഭരണാധികാര നിബന്ധനകളുടെ ലംഘനം ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയ്ക്കുന്ന തരത്തിലുള്ള മോശമായ അക്കാദമികവും ഭരണപരവുമായ പ്രവർത്തനരീതികൾ, അല്ലെങ്കിൽ പ്രവേശനം, ഫീസ് ഈടാക്കൽ, പരീക്ഷാ നടത്തിപ്പ് എന്നീ കാര്യങ്ങളിലെ അധാർമ്മിക പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികളിലോ വിവരങ്ങളിലോ മാത്രമേ അങ്ങനെയുള്ള റഫറൻസ് നടത്തുവാൻ പാടുള്ളു.

(14) (12)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ അടങ്ങിയ സർവ്വകലാശാലയുടെ ഏതെങ്കിലും റിപ്പോർട്ട് ലഭിക്കുമ്പോഴോ അല്ലെങ്കിൽ (13)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽനിന്നും ഏതെങ്കിലും റഫറൻസ് ലഭിക്കുമ്പോഴോ, സ്വയംഭരണ അംഗീകാര സമിതി, അതതു സംഗതിപോലെ, ആ റിപ്പോർട്ടോ റഫറൻസോ, പരിഗണിക്കേണ്ടതാണ് :

എന്നാൽ, സ്വയംഭരണ അംഗീകാര സമിതിക്ക് ഒരു അന്വേഷണം നടത്താവുന്നതും, അതിലേക്കായി അതിനുയുക്തമെന്നു തോന്നുന്നപക്ഷം അവർക്കിടയിൽ നിന്നുതന്നെയോ അല്ലെങ്കിൽ ആ മേഖലയിലെ വിദഗ്ദ്ധരുടെ ഇടയിൽ നിന്നോ ഉള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമിതി രൂപീകരിക്കാവുന്നതുമാണ്.

(15) (14)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച സമിതിക്ക് അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിന് കോളേജിലെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും കോളേജിന്റെ പ്രസക്തമായ രേഖകൾ പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(16) എല്ലാ സ്വയംഭരണ കോളേജുകളും അങ്ങനെയുള്ള അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി സമിതി ആവശ്യപ്പെടുന്ന രേഖകൾ എത്തിച്ചുകൊടുക്കേണ്ടതും വിവരങ്ങൾ നൽകേണ്ടതുമാണ് :

എന്നാൽ, സ്വയംഭരണ കോളേജിന്റെ പ്രിൻസിപ്പാളിനു പറയുവാനുള്ളത് പറയുവാൻ നീതിയുക്തവും ന്യായവുമായ ഒരു അവസരം നൽകാതെ അങ്ങനെയുള്ള യാതൊരു അന്വേഷണവും പൂർത്തീകരിക്കുവാൻ പാടുള്ളതല്ല.

(17) ഓരോ സ്വയംഭരണ കോളേജും അത് നടത്താൻ ഉദ്ദേശിക്കുന്ന ആദ്യതവണ പരീക്ഷാ തീയതിക്ക് ആറുമാസത്തിന് മുമ്പായി ഒരു പരീക്ഷാ മാന്വൽ സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും അങ്ങനെ സമർപ്പിച്ച് അറുപത് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ, സർവ്വകലാശാല, മാന്വലിന്മേലുളള അതിന്റെ അഭിപ്രായം നൽകേണ്ടതുമാണ്. പരീക്ഷാ നടത്തിപ്പിന്റെ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുകയും സ്വയംഭരണ കോളേജുകൾ നടത്തുന്ന പരീക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ സർവ്വകലാശാല അഭിപ്രായം നൽകേണ്ടതാണ്. സ്വയംഭരണ കോളേജ്, കഴിയുന്നിടത്തോളം, സർവ്വകലാശാലയുടെ അഭിപ്രായങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ പരിഷ്ക്കാരങ്ങളും മാന്വലിൽ ചേർക്കേണ്ടതും അങ്ങനെ ചെയ്യാൻ സാധിക്കാതെ വരുന്ന സംഗതിയിൽ അങ്ങനെ ചെയ്യാൻ അതിന് കഴിയാത്തതിന്റെ കാരണം രേഖാമൂലം സർവ്വകലാശാലയെ അറിയിക്കേണ്ടതുമാണ്.

74ക്യൂ. <u>സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ മുതലായവ ഭേദഗതി ചെയ്യുന്നതിന് സർവ്വകലാശാലയ്ക്കുളള അധികാരം</u>.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി സർവ്വകലാശാലയ്ക്ക് അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള ഭേദഗതി നിർദ്ദേശങ്ങൾ നിലവിലുണ്ടെന്ന കാരണത്താൽ ഈ അദ്ധ്യായത്തിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു കീഴിൽ അർഹതയുള്ള കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നത് തടഞ്ഞുവയ്ക്കുവാൻ പാടുള്ളതല്ല.

(2) ഒരു സ്വയംഭരണ കോളേജിന്റെയോ സ്വയംഭരണാധികാരം അനുവദിച്ചു കിട്ടുന്നതിന് അപേക്ഷിച്ചിട്ടുള്ള ഒരു കോളേജിന്റെയോ കാര്യത്തിലുള്ള വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ഉണ്ടായേക്കാവുന്ന അങ്ങനെയുള്ള വൈഷമ്യങ്ങൾ നിക്കംചെയ്യുന്നതിനായി ഈ

ആക്റ്റിലെ മറ്റേതെങ്കിലും അദ്ധ്യായത്തിൻ കീഴിൽ ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരത്തിനു പുറമെ, ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ചട്ടങ്ങൾ സർവ്വകലാശാലയ്ക്കും സ്വയംഭരണ കോളേജിനും അല്ലെങ്കിൽ സ്വയംഭരണാധികാരത്തിനായി അപേക്ഷിച്ചിട്ടുള്ള കോളേജിനും ബാധകമായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിനും ഗവേണിംഗ് കൗൺസിലിനും സർവ്വകലാശാലയുടെ അംഗീകാരത്തോടുകൂടി ഈ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് 42-ാം വകുപ്പിൽ റഗുലേഷനുകൾ ഉണ്ടാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കുന്നതല്ല.

74ആർ. സ്വയംഭരണ കോളേജുകളുമായുള്ള ആശയവിനിമയം.— സർവ്വകലാശാലയുടെ അക്കാദമിക കൗൺസിലോ, ബോർഡ് ഓഫ് സ്റ്റഡീസോ, സ്വയംഭരണ അംഗീകാര സമിതിയോ, ഒരു സ്വയംഭരണ കോളേജുമായോ അല്ലെങ്കിൽ ഈ അദ്ധ്യായത്തിനു കീഴിൽ സ്വയംഭരണാധികാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളേജുമായോ നടത്തുന്ന എല്ലാ കത്തിടപാടുകളും അങ്ങനെയുള്ള കോളേജിന്റെ പ്രിൻസിപ്പാളുമായി നടത്തേണ്ടതാണ്.

74എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.— ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2014-ലെ 4) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1974-ലെ കേരള സർവ്വകലാശാല ആക്റ്റ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ്, 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് എന്നിവയുടെ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്ന ഏതെങ്കിലും കാര്യങ്ങളോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റുകളിൻകീഴിൽ യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സ്ഥാപന തലങ്ങളിലെ വ്യാപകമായ ഉന്നത വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നവീകരണത്തിനും പരീക്ഷണ നിരീക്ഷണങ്ങൾക്കുംവേണ്ടി പുതിയ ഉപായങ്ങൾ തേടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി, 2007 വർഷത്തിൽ സ്വയംഭരണ കോളേജുകൾക്കായുള്ള ഒരു കൂട്ടം മാർഗ്ഗനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആവിഷ്ക്കരിക്കുകയും സംസ്ഥാനങ്ങളെയും സർവ്വകലാശാലകളെയും അവയുടെ കോളേജുകളിൽ കുറഞ്ഞത് പത്ത് ശതമാനത്തിനെങ്കിലും (10%) XI-ാം പദ്ധതി കാലയളവിൽ സ്വയംഭരണാധികാരം നൽകാൻ പ്രേരിപ്പിക്കുകയും ചെയ്തു. സ്വയംഭരണ പദവി തേടുന്ന അർഹരായ കോളേജുകളിൽനിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സെപ്റ്റംബറിലും ഒക്ടോബറിലുമായി അക്കാദമിക വർഷത്തിലൊരിക്കൽ നിർദ്ദേശങ്ങൾ ക്ഷണിക്കുമെന്ന് മറ്റ് സംഗതികൾക്കിടയിൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിൽ ഉയർന്ന നിലവാരം നേടിയിട്ടുള്ള ആർട്ട്സ് ആന്റ് സയൻസ് കോളേജുകളെ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്നും സ്വയംഭരണാധികാരം ലഭിക്കുന്നതിന്, സർക്കാർ പ്രോത്സാഹിപ്പിക്കുമെന്ന് 2013-2014-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പ്രഖ്യാപനം നടത്തിയിരുന്നു.

2. സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിലെ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രശസ്തനായ നിയമ അദ്ധ്യാപകനും ബാംഗ്ലൂർ നാഷണൽ ലാ സ്കൂൾ ഓഫ് ഇന്ത്യ യൂണിവേഴ്സിറ്റിയുടെ സ്ഥാപക ഡയറക്ടറുമായ പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായുള്ള ഒരു സമിതിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയമിച്ചിരുന്നു. 2013 മേയ് 10-ാം തീയതിയിലെ ജി.ഒ. (എം എസ്.) നമ്പർ 130/2013/ഉ.വി.വ. പ്രകാരം സ്വയംഭരണാധികാരത്തെക്കുറിച്ചുള്ള പ്രൊഫ. എൻ. ആർ. മാധവമേനോൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണാധികാരം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അക്കാദമിക സ്വയംഭരണാധികാരംമാത്രം നൽകിയാൽ മതിയെന്നും തിരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് സ്വയംഭരണാധികാരത്തിനായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അപേക്ഷിക്കാവുന്ന വിധം 2014-2015 വർഷത്തിൽതന്നെ സ്വയംഭരണാധികാരം നൽകുന്നതിന് അർഹരായ സർക്കാർ കോളേജുകളെയും എയ്ഡഡ് കോളേജുകളെയും തിരഞ്ഞെടുക്കേണ്ടതുണ്ടെന്നും സ്വയംഭരണാധികാരം ലഭിച്ച കോളേജുകളിലെ അക്കാദമിക കോഴ്സുകൾ 2014-2015 അക്കാദമിക വർഷത്തിൽ ആരംഭിക്കണമെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2013 മേയ് 10-ാം തീയതിയിലെ ജി.ഒ.(എം എസ്.) നമ്പർ130/2013/ഉ.വി.വ. പ്രകാരം രൂപീകരിച്ച സ്വയംഭരണ അംഗീകാര സമിതിക്ക് സമർപ്പിക്കുന്നതിനായി, സ്വയംഭരണപദവി തേടുന്ന അർഹരായ സർക്കാർ, എയ്ഡഡ് കോളേജുകളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നതിന് 2013 സെപ്റ്റംബർ 13-ാം

തീയതിയിലെ ജി.ഒ.(എം എസ്.) നമ്പർ 618/2013/ഉ.വി.വ. പ്രകാരം സർക്കാർ തീരുമാനിക്കുകയും കൂടാതെ സ്വയംഭരണ കോളേജുകളെക്കുറിച്ച് ഒരു പുതിയ അദ്ധ്യായം ചേർക്കുന്നതിനായി 1974-ലെ കേരള സർവ്വകലാശാല ആക്റ്റ്, 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ്, 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റ്, 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുവാനും തീരുമാനിച്ചു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2013-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2013 നവംബർ 30-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 56-ാം നമ്പർ ഓർഡിനൻസായി 2013 നവംബർ 30-ാം തീയതിയിലെ 3355-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2014 ജനുവരി 3-ാം തീയതി ആരംഭിച്ച് 2014 ഫെബ്രുവരി 6-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2014 ഫെബ്രുവരി 10-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2014-ലെ 4-ാം നമ്പർ ഓർഡിനൻസായി 2014 ഫെബ്രുവരി 11-ാം തീയതിയിലെ 464-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2014-ലെ 4-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2(സി), 3(സി), 4(സി), 5(സി) എന്നീ ഖണ്ഡങ്ങൾ യഥാക്രമം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലും 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലും 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിലും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിലും പ്രത്യേകം അദ്ധ്യായം ചേർക്കാൻ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത അദ്ധ്യായങ്ങളിൽ, യഥാക്രമം പ്രസ്തുത ആക്റ്റുകളുടെ 69ഇ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (ഡി) ഖണ്ഡം, 69എഫ് വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (ഡി) ഖണ്ഡം, 107-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (ഡി) ഖണ്ഡം, 74-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (ഡി) ഖണ്ഡം എന്നിങ്ങനെ ചേർക്കാൻ ഉദ്ദേശിക്കുന്ന പുതിയ വകുപ്പുകൾ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിലേക്ക് നാലിൽ കുറയാത്ത വിദഗ്ദ്ധരായ അംഗങ്ങളെ കോളേജിനു പുറമെനിന്നും നാമനിർദ്ദേശം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ, സർക്കാർ കോളേജുകളുടെയും എയ്ഡഡ് കോളേജുകളുടെയും കാര്യത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുന്നതാണ്.

2. പ്രസ്തുത ആക്റ്റുകളിൽ യഥാക്രമം ചേർക്കാൻ ഉദ്ദേശിക്കുന്ന 69ബി വകുപ്പിന്റെ ഖണ്ഡം (ix), 68സി വകുപ്പിന്റെ ഖണ്ഡം (ix), 104-ാം വകുപ്പിന്റെ ഖണ്ഡം (ix), 74ബി വകുപ്പിന്റെ ഖണ്ഡം (ix) എന്നിവ സ്വയംഭരണാധികാരത്തിന് അപേക്ഷിക്കുന്ന കോളേജുകളുടെ പരിശോധനയ്ക്ക് വ്യവസ്ഥ ചെയ്യുന്നു.

3. പ്രസ്തുത ആക്റ്റുകളിൽ യഥാക്രമം ചേർക്കാൻ ഉദ്ദേശിക്കുന്ന 69ജി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം, 68എച്ച് വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം, 109-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം, 74ജി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സി) ഖണ്ഡം എന്നിവ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് രണ്ട് വിദഗ്ദ്ധരെ നാമനിർദ്ദേശം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നു.

4. പ്രസ്തുത ആക്റ്റുകളിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന ബില്ലിലെ മേൽപ്പറഞ്ഞ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവ് ഉണ്ടാക്കുന്നതാണ്. കോളേജുകളുടെ പരിശോധന, സ്വയംഭരണ കോളേജിലെ ബന്ധപ്പെട്ട നികായ ങ്ങളിലേക്കുള്ള വിദഗ്ദ്ധരുടെ നാമനിർദ്ദേശം എന്നിവയെ ആശ്രയിച്ച് പ്രസ്തുത ആവശ്യങ്ങളിലേക്കായി ചെലവഴിക്കേണ്ടിവരുന്ന തുകയിൽ വ്യതിയാനങ്ങൾ വരാവുന്നതാണ്. ആയതിനാൽ, പ്രസ്തുത ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന യഥാർത്ഥ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 69എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68ബി വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന IX-ാം അദ്ധ്യായത്തിലെ 103-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിലെ 74എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും, ചുമതലകളും അതത് സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അല്ലെങ്കിൽ അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കുവാനും അങ്ങനെ ഏൽപ്പിച്ചുകൊടുത്തത് പിൻവലിക്കുവാനോ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 69എഫ് വകുപ്പിന്റെ (ii)-ഉം (iii)-ഉം ഖണ്ഡങ്ങളും, ബില്ലിലെ 3-ാം

ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68ജി വകുപ്പിന്റെ (ii)-ഉം (iii)-ഉം ഖണ്ഡങ്ങളും, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന IX-ാം അദ്ധ്യായത്തിലെ 108-ാം വകുപ്പിന്റെ (ii)-ഉം (iii)-ഉം ഖണ്ഡങ്ങളും, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിലെ 74എഫ് വകുപ്പിന്റെ (ii)-ഉം (iii)-ഉം ഖണ്ഡങ്ങളും പ്രകാരം വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരീക്ഷകളുടെ നടത്തിപ്പിനും കൂടാതെ അദ്ധ്യാപനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുക, വിദ്യാർത്ഥികളെ വിലയിരുത്തുക തുടങ്ങിയവ സംബന്ധിച്ച റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് സ്വയംഭരണ കോളേജുകളുടെ അക്കാദമിക കൗൺസിലിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 69എൽ വകുപ്പിന്റെ (vii)-ാം ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68എം വകുപ്പിന്റെ (vii)-ാം ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന IX-ാം അദ്ധ്യായത്തിന്റെ 112-ാം വകുപ്പിന്റെ (vii)-ാം ഖണ്ഡം, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിലെ 74എൽ വകുപ്പിന്റെ (vii)-ാം ഖണ്ഡം എന്നിവ പ്രകാരം സ്പോർട്സ്, പാഠ്യേതര പ്രവർത്തനങ്ങൾ, കളിസ്ഥലങ്ങളുടെയും ഹോസ്റ്റലുകളുടെയും ശരിയായ പരിപാലനം, പ്രവർത്തനം എന്നിവയ്ക്കുവേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ഗവേണിംഗ് കൗൺസിലിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 69ക്യൂ വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68ആർ വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന

IX-ാം അദ്ധ്യായത്തിലെ 119-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിലെ 74ക്യൂ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് എന്നിവപ്രകാരം മുകളിൽ പ്രതിപാദിച്ചിട്ടുള്ള അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നിവ ഭേദഗതി ചെയ്യുവാൻ ബന്ധപ്പെട്ട സർവ്വകലാശാലകളെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിന്റെ 69ക്യൂ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68ആർ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന IX-ാം അദ്ധ്യായത്തിന്റെ 119-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിന്റെ 74ക്യൂ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ ആ അദ്ധ്യായങ്ങളിലെ വ്യവസ്ഥകളുടെ നടത്തിപ്പിൽ ഉണ്ടായേക്കാവുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ആക്റ്റിലെ ബന്ധപ്പെട്ട മറ്റേതെങ്കിലും അദ്ധ്യായങ്ങൾ പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരങ്ങൾക്കു പുറമെ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിന്റെ 69ക്യൂ വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) ചേർക്കാനുദ്ദേശിക്കുന്ന VIIIബി അദ്ധ്യായത്തിലെ 68ആർ വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) ചേർക്കാനുദ്ദേശിക്കുന്ന IX-ാം അദ്ധ്യായത്തിന്റെ 119-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) ചേർക്കാനുദ്ദേശിക്കുന്ന VIIIഎ അദ്ധ്യായത്തിന്റെ 74ക്യൂ വകുപ്പിന്റെ (3)-ാം ഉപവകുപ്പ് എന്നിവപ്രകാരം മുകളിൽ പ്രസ്താവിച്ച അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുള്ള ഉദ്ദേശത്തിനായി സർവ്വകലാശാലയുടെ അംഗീകാരത്തോടെ റെഗുലേഷനുകൾ ഉണ്ടാക്കുവാൻ സ്വയംഭരണ കോളേജുകളുടെ അക്കാദമിക കൗൺസിലിനെയും ഗവേണിംഗ് കൗൺസിലിനെയും അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ, ചട്ടങ്ങൾ, സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, അല്ലെങ്കിൽ, റെഗുലേഷനുകൾ ഉണ്ടാക്കുവാനോ അല്ലെങ്കിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്യാവുന്നത് കാര്യങ്ങൾ കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങളും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റെഗുലേഷനുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. അബ്ദു റബ്ബ്

(ശരിത്തർജ്ജമ)

## 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1974-ലെ 17)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്ത പക്ഷം;—

(1) ''അക്കാഡമിക് കൗൺസിൽ'' എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(2) ** ** **

** ** **

(4) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നതിന് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു;

(5) "പഠന ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ ഒരു പഠന ബോർഡ് എന്നർത്ഥമാകുന്നു.

** ** **

(10) ''ഫാക്കൽറ്റി'' എന്നാൽ സർവ്വകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

** ** **

(23) ''പരിനിയമങ്ങൾ'', ''ഓർഡിനൻസുകൾ'', ''റെഗുലേഷനുകൾ'' , ''ഉപനിയമങ്ങൾ'', ''ചട്ടങ്ങൾ'' എന്നിവയ്ക്ക് യഥാക്രമം സർവ്വകലാശാലയുടെ "പരിനിയമങ്ങൾ", "ഓർഡിനൻസുകൾ", "റെഗുലേഷനുകൾ", "ഉപനിയമങ്ങൾ", "ചട്ടങ്ങൾ" എന്നർത്ഥമാകുന്നു;

** ** **

(31) "സർവ്വകലാശാല ഫണ്ട്" എന്നതിന് 45-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിതമായിട്ടുള്ള കേരള സർവ്വകലാശാല ഫണ്ട് എന്നർത്ഥമാകുന്നു;

** ** **

** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.— ** ** **

** ** **

(എ) അഫിലിയേറ്റ് ചെയ്ത ഒരു കോളേജിനോ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക് സ്വയംഭരണം നൽകുക;

** ** **

അദ്ധ്യായം XIIIഎ

അൺഎയ്ഡഡ് കോളേജുകൾ

69. അൺ എയ്ഡഡ് കോളേജുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—

** ** **

** ** **

(iii) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

** ** **

## 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1975-ലെ 5)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്ത പക്ഷം;—

(1) ''അക്കാഡമിക് കൗൺസിൽ'' എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(2) ** ** **

** ** **

(4) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നതിന് 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു.

(5) "പഠന ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ ഒരു പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** **

(10) ''ഫാക്കൽറ്റി'' എന്നാൽ സർവ്വകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

** ** **

(23) ''പരിനിയമങ്ങൾ'', ''ഓർഡിനൻസുകൾ'', ''റെഗുലേഷനുകൾ'', ''ഉപനിയമങ്ങൾ", ''ചട്ടങ്ങൾ" എന്നിനയ്ക്ക് യഥാക്രമം സർവ്വകലാശാലയുടെ "പരിനിയമങ്ങൾ", "ഓർഡിനൻസുകൾ", "റെഗുലേഷനുകൾ", "ഉപനിയമങ്ങൾ" , "ചട്ടങ്ങൾ" എന്നർത്ഥമാകുന്നു;

** ** **

(31) "സർവ്വകലാശാല ഫണ്ട്" എന്നാൽ 45-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിതമായിട്ടുള്ള കോഴിക്കോട് സർവ്വകലാശാല ഫണ്ട് എന്നർത്ഥമാകുന്നു.

** ** **

** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.— ** ** **

** ** **

(എ) അഫിലിയേറ്റ് ചെയ്ത ഒരു കോളേജിനോ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക് സ്വയംഭരണം നൽകുക;

** ** **

## അദ്ധ്യായം XIIIഎ

**അൺഎയ്ഡഡ് കോളേജുകൾ**

68എ. അൺ എയ്ഡഡ് കോളേജുകളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—

** ** **

** ** **

(iii) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

** ** **

# 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1985-ലെ 12)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്ത പക്ഷം;—

(1) അക്കാഡമിക് കൗൺസിൽ എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(2) ** ** **

** ** **

(4) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നതിന് 69-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു.

(5) "പഠന ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ ഒരു പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** **

(10) ''ഫാക്കൽറ്റി'' എന്നാൽ സർവ്വകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

** ** **

(25) ''സ്റ്റാറ്റ്യൂട്ടുകൾ'', ''ഓർഡിനൻസുകൾ'', ''റഗുലേഷനുകൾ'', ''ബൈലാകൾ'', ''ചട്ടങ്ങൾ'' എന്നിവയ്ക്ക് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

** ** **

(33) "സർവ്വകലാശാല ഫണ്ട്" എന്നാൽ 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിതമായിട്ടുള്ള "ഗാന്ധിജി സർവ്വകലാശാല ഫണ്ട്" എന്നർത്ഥമാകുന്നു;

** ** **

** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.— ** ** **

** ** **

(iഎ) അഫിലിയേറ്റ് ചെയ്ത ഒരു കോളേജിനോ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക് സ്വയംഭരണം നൽകുക;

** ** **

## അദ്ധ്യായം VIII

## സ്വകാര്യ കോളേജുകളുടെയും കോളേജുകളുടെ സംയോജനവും

53. നിർവ്വചനങ്ങൾ.—ഈ അദ്ധ്യായത്തിൽ—

** ** **

** ** **

** ** **

102 റദ്ദാക്കലും ഒഴിവാക്കലും.—(1) ** ** **

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്യാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും കാര്യമോ, അല്ലെങ്കിൽ എടുത്തതോ എടുക്കാനുദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ അല്ലെങ്കിൽ എടുത്തതോ ആയി കരുതപ്പെടുന്നതാണ്.

** ** **

# 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1996-ലെ 22)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്ത പക്ഷം;—

(i) ''അക്കാഡമിക് കൗൺസിൽ'' എന്നാൽ സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(2) ** ** **

** ** **

(iv) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നതിന് 72-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു.

(v) "പഠന ബോർഡ്" എന്നാൽ സർവ്വകലാശാലയുടെ ഒരു പഠന ബോർഡ് എന്നർത്ഥമാകുന്നു;

** ** **

(x) ''ഫാക്കൽറ്റി'' എന്നാൽ സർവ്വകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു;

** ** **

(xxiv) ''സ്റ്റാറ്റ്യൂട്ടുകൾ'', ''ഓർഡിനൻസുകൾ'', ''റഗുലേഷനുകൾ'', ''ബൈലാകൾ'', ''ചട്ടങ്ങൾ'' എന്നിവയ്ക്ക് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ, ബൈലാകൾ, ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

** ** **

(xxxii) "സർവ്വകലാശാല ഫണ്ട്" എന്നാൽ 48-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച കേരള സർവ്വകലാശാല ഫണ്ട് എന്നർത്ഥമാകുന്നു.

** ** **

** ** **

5. സർവ്വകലാശാലയുടെ അധികാരങ്ങൾ.— ** ** **

** ** ** * *

(iഎ) അഫിലിയേറ്റ് ചെയ്ത ഒരു കോളേജിനോ അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക് സ്വയംഭരണം നൽകുക;

** ** **

## അദ്ധ്യായം XIII

### സ്വകാര്യ കോളേജുകളും കോളേജുകളുടെ സംയോജനവും

53. നിർവ്വചനങ്ങൾ.—ഈ അദ്ധ്യായത്തിൽ,—

** ** **

** ** **

** ** **

74. ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിക്കാത്ത കോളേജുകൾ.—** **

(2) ** ** **

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ്, വിദ്യാഭ്യാസ ഏജൻസിക്ക്, അതതു സംഗതിപോലെ, ഭരണസമിതിക്കും അല്ലെങ്കിൽ മാനേജിംഗ് കൗൺസിലിനും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

** ** **